കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചീക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.എം.പി.എം 7/ 3097/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചീക്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.എം.പി.എം 7/ 3097/22 തീയ്യതി: 24/03/2023

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-11-2021 മുതൽ 20-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.ഉണ്ണി പൂതംകുറ്റി	ഡെപ്യൂട്ടി ഡയറക്ടർ	21-12-2022	30-12-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
21-12-2022	30-12-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള.എ.സി , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ.മുഹമ്മദ് ഫസലുറഹ്മാൻ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അബ്ദുൽ സലാം.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.സക്കീന കെ,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി.മുംതാസ് എളങ്കയിൽ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.സുധീർ കെ	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.മുബാറക്.സി.കെ	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2021	31-03-2022
ശ്രീ. വിജയൻ എം	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ശ്രീ.ഷിഹാബുദ്ദീൻ.പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീ.വിനയൻ സി ഒ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-03-2022
ശ്രീമതി.റംലത്ത്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	24-06-2021
ശ്രീമതി.സൌദാബി കെ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	31-03-2022
ഡോ.ഹസനത്ത്.വി.പി	മെഡിക്കൽ ഓഫിസർ.സി.എച്ച്.സി	01-04-2021	31-03-2022
ഡോ.ഫൗസിയ.പി.എം	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2021	31-03-2022
ഡോ.സംഗീത.പി	വെറ്റിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി.ഇന്ദിര.പി ആർ	ഹെഡ് മിസ്ട്രസ്	01-04-2021	31-03-2022
ശ്രീ. വിഷ്ണു	കൃഷി ഓഫീസർ	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പ**ർ**
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷിക കണക്കിലെ അപാകതകൾ	1-11
12	ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.	1-12
13	അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.	1-13
14	തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - അപാകത	1-14
15	മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല.	1-15
16	വിവിധ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല	1-16
17	കരാറുകാരന് ജി എസ് ടി തുക അധികമായി അനുവദിച്ചു നൽകി	1-17
18	കമ്പ്യൂട്ടർ പർച്ചേസ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല	1-18
19	അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് അപാകതൾ	1-19
20	ഭവന നിർമ്മാണം - ആദ്യ ഗഡു തുക കൈപ്പറ്റി - നിർമ്മാണം പൂർത്തീകരിച്ചില്ല	1-20
21	ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല	1-21
22	പ്രോജക്ട് നം 113/22 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ	1-21-1
23	പ്രോജക്ട് നം 309/22 ഹരിതകർമ്മസേനക്ക് കളക്ഷൻ ബാഗ് വാങ്ങി നൽകൽ	1-21-2
24	തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ	1-22
25	അക്രഡിറ്റഡ് ഏജൻസി വഴിയുള്ള പ്രവൃത്തി - സർക്കാർ നിർദേശം പാലിച്ചില്ല	1-23
26	പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി - ഭരണ സമിതി തീരുമാനം എടുത്തു.	1-24
27	മരുന്ന് വാങ്ങൽ -81434/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.	1-25
28	കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.	1-26

29	കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.	1-27
30	ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല	1-28
31	ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.	1-29
32	ടെണ്ടർ തിരുത്തൽ - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.	1-30
33	പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം-₹88277 പിഴ ഈടാക്കിയില്ല	1-31
34	കിണർ നിർമ്മാണം -ഭൂമി വിട്ടുകിട്ടിയിട്ടില്ല.	1-32
35	ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി-₹ 35560 നഷ്ടം	1-33
36	മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി - ₹ 40040അധികം തുക നൽകി.	1-34
37	ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ് - ₹17272 അധികം നൽകി.	1-35
38	താലോളിപുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ - ₹ 30638 അധികം തുക നൽകി.	1-36
39	പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ	1-37
40	തൊഴിൽ നികുതി ഈടാക്കിയില്ല.	1-38
41	അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.	1-39
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി - ₹ 40040അധികം നൽകി.	3-1
2	താലോളിപുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ - ₹ 30638അധികം തുക നൽകി.	3-2
3	ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ്- ₹17272 അധികം നൽകി.	3-3
4	ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി ₹ 35560 നഷ്ടം	3-4
	ഭാഗം **4**	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി.	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം.	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി	പുതുക്കിയ തീരുമാന നം./തിയ്യതി
തീരുമാന നം 1(1) തിയ്യതി 26.03.2021	തീരുമാന നം 7 (1) തിയ്യതി 19.03.2022

1-2 വാർഷിക ധനകാര്യപത്രിക.

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31 .07.2022	25.08.2022	ബാധകമല്ല.	ബാധകമല്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	16,266,051
വരവ്	122,862,731
ആകെ	139,128,782
ചെലവ്	124,080,360
നീക്കിയിരിപ്പ്	15,048,422

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	16617800	16617800	16602676	15124
വികസനഫണ്ട് (എസ്.സി.പി.)	0	5906333	5906333	5596322	310011
വികസനഫണ്ട് (ടി.എസ്.പി.)	0	0	0	0	0
സംരക്ഷണഗ്രാന്റ് (റോഡ്)	0	10618000	10618000	6470045	4147955
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	5698470	5698470	4290767	1407703
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്)	0	12555138	12555138	4092287	8462851
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്)	0	3876775	3876775	3496307	380468

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തത് (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
306	119807312	220	76084550	3	83	71.89

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	43359	537140	580499	579049	1450
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	15609674	15609674	15609674	0

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	840	1
കർഷക തൊഴിലാളി പെൻഷൻ	12368200	642
വിധവാ പെൻഷൻ	20065700	1066
വാർദ്ധക്യകാല പെൻഷൻ	32224700	1884
വികലാംഗ പെൻഷൻ	9288500	497
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	270000	9
50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	489600	26

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2022 ന് മണിക്ക്സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 9277/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1) കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല. സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല. സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും (ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.അപാകത പരിഹരിക്കേണ്ടതാണ്.

2) ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളിൽ മോണിറ്ററിംഗ് ഫലപ്രദമല്ല.

3) ജി ഒ (എം എസ്) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം, ആസൂത്രണ സമിതി രൂപീകരണം മുതൽ പ്രോജക്റ്റ് സമർപ്പണ അന്തിമഘട്ടം വരെയുള്ള എല്ലാകാര്യങ്ങളിലും നേതൃത്വപരമായി ഇടപെട്ട് പദ്ധതി പ്രവർത്തനത്തിന്റെ ചുക്കാൻ പിടിക്കേണ്ടതും അന്തിമ വിശകലനം ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും ക്രിയാത്മകപങ്ക് വഹിക്കേണ്ട സ്റ്റാന്റിംഗ് കമ്മറ്റികളുടെ ഇടപെടലുകളും പര്യാപ്തമല്ല.

4) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എല്ലാ വിവരങ്ങളും ചേർത്ത് കാലികമാക്കിയിട്ടില്ല. കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5) അസിസ്റ്റൻറ് സെക്രട്ടറി ക്യാഷ്ബുക്ക് സൂക്ഷിക്കുന്നില്ല.

6) കൃഷി ഓഫീസർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	28.11.2021	03/2020-10/2020	29.11.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	02.11.2020	2015/16 To 2019-20	21.12.2020

1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 വാർഷിക കണക്കിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1)ഗ്രാമ പഞ്ചായത്തിൽ ILGMS നടപ്പിലാക്കിയത് സാമ്പത്തിക വർഷത്തിന്റെ ഇടക്ക് 01.09.21 ലാണ്. 31.08.21 വരെയുള്ള സാഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ PDE (Past Data Entry) പ്രക്രിയയിലൂടെ ILGMSൽ ഉൾപ്പെടുത്തിയിട്ടുണ്ട്. PDE ചെയ്തതിന്റെ വർക്ക് ഷീറ്റ് (ഫയൽ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ILGMS ലേക്ക് അക്കൗണ്ട് ചെയ്ത 31-8-21 ലെ ക്ലോസിംഗ് ബാലൻസ് (52541474) B1 ഷെഡ്യൂൾ 310900101-Excess Income Over Expenditure തുകയിൽ വ്യത്യാസം കാണുന്നുണ്ട്. ILGMS ൽ 31-8-21 ലെ ഓപ്പനിംഗ് ബാലൻസ് (52531474) രൂപയാണ് രേഖപ്പെടുത്തിയത്.

3)ILGMS ലേക്ക് അക്കൗണ്ട് ചെയ്ത 31-8-21 ലെ ആകെ ആസ്തിയിലും ബാധ്യതയിലും തുകയിൽ (155312656)വ്യത്യാസം കാണുന്നുണ്ട്. ILGMS ൽ (155302656) രൂപയാണ് രേഖപ്പെടുത്തിയത്.

4)MG(ROAD),സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ,ടൈഡ്, അൺ ടൈഡ് എന്നിവയുടെ വരവ് ചെലവ് കണക്കുകൾ AFS ഉം ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

		വരവ്	ചെലവ്
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	AFS	349898(160100104)+8820797(320200104)=9170695	(9170695-969380) = 8201315
	ACR	3876775	3496307
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	AFS	1422709 (160100109)	1422709-3767954(CB) = (-2345205)
	ACR	12555138	4092287
MG(ROAD)	AFS	6206045	6206045
	ACR	10618000	6470045

5)2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

6) ബാങ്ക് റിക്കൺസിലേഷൻ പത്രികകൾ യഥാസമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ആസ്തികളുടെ മൂല്യം കണക്കാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

8)Special TSB Joint Venture അക്കൗണ്ടിൽ 31-03-22ന് (അക്കൌണ്ട് നമ്പർ 799013100000618) നീക്കിയിരിപ്പില്ല. എന്നാൽ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ 269000/-രൂപയാണ് ബ്ലോക്ക്, ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകളുടെ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

9)B-9 ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന ബാധ്യത ഹെഡ്ഡിലെ നീക്കിയിരിപ്പുകൾ ക്രമീകരികരിക്കാൻ അവശേഷിക്കുന്നു.

Head Code	ഇനം	31.03.2022 ലെ

		നീക്കിയിരുപ്പ്
350200202	Recoveries Payable-value Added Tax	57801
350300103	Government&other Dues Payable -VAT	10736

10)നിക്ഷേപ പ്രവർത്തികൾക്ക് വേണ്ടി കെ എസ് ഇ ബി ക്ക് മുൻകൂർ തുക(ഖണ്ഡിക 4-3 കാണുക) നൽകിയെങ്കിലും ആയത് 460500202-advance To Implementing Agencies -Deposit With Kerala Electricity Board എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

11)ഓഡിറ്റ് റിക്കവറി ഇനത്തിൽ 228216/-രൂപ വരവുണ്ടെങ്കിലും ആയത് 180400103 എന്ന ഹെഡ്ഡിൽ ബുക്ക് ചെയ്യുന്നതിന് പകരം തെറ്റായ ഹെഡ്ഡിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. (180400101, 180400102, 180400199)

12)ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)

13. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (30806540) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (1217629) തമ്മിൽ പൊരുത്തപ്പെടുന്നില്ല.
14.ലൈഫ് ലോൺ തിരിച്ചടവ് തുക വാർഷിക കണക്ക് (I-14 B) പ്രകാരം 1600000രൂപയാണ്. എന്നാൽ ചെലവ് പത്രിക പ്രകാരം 630667/-രൂപയാണ്.വ്യത്യാസം വിശദമാക്കേണ്ടതാണ്.
15.ചെലവുകൾ തെറ്റായ ഹെഡ്ഡിൽ ബുക്ക് ചെയ്തിരിക്കുന്നു(ഉദാ:വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നം62/22),ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(പ്രോജക്ട് നം119/22)അംഗൻവാടികൾക്ക് നെയിംബോഡ് സ്ഥാപിക്കൽ (പ്രോജക്ട് നം314/22)എന്നീ പദ്ധതികൾക്ക് വേണ്ടി ചെലവ് ചെയ്ത തുക ബുക്ക് ചെയ്തിട്ടുള്ളത് 350109999-amount Payable To Other Crediteors എന്ന ഹെഡ്ഡിലാണ്.
ILGMS നടപ്പിലാക്കിയപ്പോൾ വന്ന സാങ്കേതിക തകരാറുകളാണ് മേൽ പറഞ്ഞ കൂടുതൽ അപാകതകൾക്കും കാരണം. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (11/27-12-22) അപാകതകൾ പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്.

1-12 ചട്ടത്തിന് വിരുദ്ധമായി മിച്ച ഫണ്ട് നിക്ഷേപിച്ചു.

1996 ലെ കേരളപഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും)ചട്ടങ്ങൾ ചട്ടം 4 പ്രകാരം പഞ്ചായത്തിലെ ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലും ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലും ട്രഷറി ഡെപ്പോസിറ്റ് അക്കൌണ്ടിലും അല്ലെങ്കിൽ ആഡിറ്റ് തരംതിരിവിൽ Bയിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയത്. എന്നാൽ ഇതിന് വിരുദ്ധമായി കേരള ഗ്രാമീണബാങ്ക്, ഓമാനൂർ ശാഖയിലെ ബാങ്ക് അക്കൌണ്ടിലാണ് 30 ലക്ഷം രൂപയുടെ മിച്ച ഫണ്ട് നിക്ഷേപിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/23-12-2022) മിച്ച ഫണ്ട് കാലാവധി പൂർത്തിയാകുന്ന മുറക്ക് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

1-13 അനധികൃത നിർമ്മാണത്തിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ശ്രീ.അബ്ദുള്ള &അതേർസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 301/17എന്നീ റീസർവ്വെ നമ്പറിലുള്ള .1125H സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ച 338.65 ച.മീ വിസ്തീർണ്ണമുള്ള, കൺവെൻഷൻ സെന്റർ കെട്ടിടം ക്രമവൽക്കരിച്ച് (13-7-21-ലെ A1-4385/2021 നമ്പർ അപേക്ഷ) 3/278/A നമ്പർ അനുവദിച്ചിട്ടുണ്ട്.

കെട്ടിടം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടം നിർമ്മിച്ചിരിക്കുന്നത് സമീപത്തെ സ്ഥലത്തിന്റെ അതിരിൽ നിന്നും നിയമപ്രകാരമുള്ള അകലം പാലിക്കാതെയാണ് എന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ (A1 600/21 /25-9-21നമ്പർ പരാതി) കെട്ടിടത്തിന്റെ നമ്പറിങ് ഫയൽ സ്ഥലപരിശോധന നടത്തി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പരാതി സംബന്ധിച്ച് റിപ്പോർട്ട് ഹാജരാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗം സ്ഥല പരിശോധന നടത്തുകയും അന്വേഷണത്തിൽ കേരളപഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം5 (4)ൽ പട്ടിക 12 , ചട്ടം 79(3), ചട്ടം 26 എന്നീ ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ട് എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് (9-6-22ലെ MPM/1163/2022-D5(1)) ചെയ്തതായി ഫയലിൽ കാണുന്നു. ഈ അനധികൃത നിർമ്മാണത്തിൻമേൽ

സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27-12-22) ടി കെട്ടിടം കേസിലാണെന്നും കേസിന്റെ അന്തിമ വിധി വരുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-14 തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - അപാകത

ഉമ്മർകുട്ടി കൊറ്റക്കാടൻ, എന്നവരുടെ നിലം ഭൂമിയിൽ (റീ.സർ.നം നം.122/3-2-1,122/3-2 .097H) നിർമ്മിച്ച 208.8ച.മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായുള്ള അനുമതി ഇല്ലാതെ നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിച്ചിട്ടുണ്ട്. (ഫയൽ നമ്പർ A1/9715/21 Dt.2/8/21) മേൽ കെട്ടിടം നിർമ്മിച്ച ഭൂമി വില്ലേജ് രേഖകളിൽ നിലം എന്നാണ്. തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22/01/2021 ലെ ജെ -5907/2019 നമ്പർ ഉത്തരവ് പ്രകാരം ചില ഉപാധികൾക്ക് വിധേയമായി (റീ സർവ്വെ നമ്പർ 122/3-4) 10ആർ ഭൂമിയിൽ 214.4 ചതുരശ്ര മീറ്റർ വാണിജ്യ കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ കെട്ടിടത്തിന് 6-10-21ന് സെക്രട്ടറി Occuppancy സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. (കെട്ടിട നമ്പർ 8/363 മുതൽ J വരെ) എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി കെട്ടിട നിർമ്മാണം നടത്തിയിട്ടുള്ളത് തരം മാറ്റിയ ഭൂമിയിലെ ഈ സർവ്വെ നമ്പറിലുള്ള ഭൂമിയിലല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/26-12-22) കൈവശ രേഖകളിലും റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിലും സർവ്വെ നമ്പർ സംബന്ധിച്ച അവ്യക്തത കാണുന്നുണ്ട് എന്നും വ്യക്തതക്കായി റവന്യൂ ഡിവിഷണൽ ഓഫീസറെ സമീപിച്ച് ആയത് ലഭ്യമാകുന്ന മുറക്ക് മറുപടി ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-15 മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) മരുന്നുകൾ വാങ്ങുന്നതിനായി ചുവടെ ചേർക്കും പ്രകാരം ഹോംകോ ആലപ്പുഴക്ക് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പർ / പേര്	മുൻകൂർ നൽകിയ തുക (പ്രഫോർമ ഇൻവോയ്സ് നമ്പർ)	ബിൽ നമ്പർ / തിയ്യതി
352/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ	100000രൂപ 1557/6-3-22 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)	4/15-3-22
6/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ	300000രൂപ 1282/3-6-22 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)	1/12-1-22

400000/- രൂപയുടെ മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (29/28-12-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 വിവിധ നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് നമ്പർ / പേര്	തുക നിക്ഷേപിച്ച സ്ഥാപനം	ചെലവ് വിശദാംശം
354/22 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ	കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കുളം	അടങ്കൽ : 25,000 വൗച്ചർ നമ്പർ : 22100605/17.03.2022 തുക : 22,799 രൂപ ഫണ്ട് : തനത് ഫണ്ട്

303/22 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ	കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ മുണ്ടക്കുളം	അടങ്കൽ : 74,000 വൗച്ചർ നമ്പർ : 22100604/17.03.2022 തുക : 74,000 രൂപ ഫണ്ട് : തനത് ഫണ്ട്
ആകെ ചെലവ് തുക		96,799

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 19/27.12.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 96,799 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 കരാറുകാരന് ജി എസ് ടി തുക അധികമായി അനുവദിച്ചു നൽകി

നിർവഹണം : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ, പേര് : 292/22, വിവിധ അംഗൻവാടികളുടെ വൈദ്യുതീകരണം

അടങ്കൽ : 3,45,000

ചെലവ് തുക : 2,90,308 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

വൗച്ചർ നമ്പർ / തിയ്യതി : 22100350/23.07.2021

മേൽ പ്രോജക്റ്റ് പ്രകാരം ചീക്കോട് പഞ്ചായത്തിലെ 5 അംഗൻവാടികളുടെ വൈദ്യുതീകരണത്തിനായി മലപ്പുറം ജില്ലാ തല ഇലക്ട്രിക്കൽ സാങ്കേതിക സമിതി തയ്യാറാക്കി നൽകിയ 3,24,000 രൂപയുടെ എസ്റ്റിമേറ്റ് (നമ്പർ : 2020/43, Dsor 2016, Cost Index – 31.06%) ഭരണസമിതി 29.06.2020 ന് അംഗീകരിച്ചിട്ടുണ്ട്. (നമ്പർ 11/6) പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത (11.9% Below) അനിൽകുമാർ ഒ, ഐക്കരപ്പടി എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ചുവടെ ചേർക്കും പ്രകാരം തുക നൽകിയപ്പോൾ ജി.എസ്.ടി ഇനത്തിൽ അധികം തുക അനുവദിച്ചതായി കാണുന്നു.

അളവെടുത്ത തിയ്യതി : 23.03.2021

ഇനം	അനുവദിച്ച തുക	അനുവദിക്കാവുന്ന തുക
ചെയ്ത വർക്കിന്റെ മൂല്യം	2,78,865.62	2,78,865.62
ടെണ്ടർ കുറവ്	33,185.01	33,185.01
അർഹമായ തുക	2,45,680.61	2,45,680.61
+ജി.എസ്.ടി 12%	33,463.87	29,481.67
ആകെ തുക	2,79,144	2,75,162
കരാറുകാരന് നൽകിയത്	2,67,980 (4% നിയമാനുസൃത I.T, GST കിഴിവുകൾക്ക് ശേഷം)	2,64,156 (4% നിയമാനുസൃത (IT,GST, CWF) കിഴിവുകൾക്ക് ശേഷം)

ടെണ്ടർ കുറവ് ചെയ്ത തുകക്ക് ജി.എസ്.ടി അനുവദിച്ച് നൽകേണ്ടതിന് പകരം മൂല്യ നിർണ്ണയ തുകക്ക് ജി.എസ്.ടി കണക്കാക്കി അനുവദിച്ച് നൽകിയതിനാൽ മേൽ പ്രവൃത്തിയിൽ 3,826/- രൂപ (267980-264154) കരാറുകാരന് അധികമായി അനുവദിച്ചു.

പ്രൊജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു.

ത്രിതല പഞ്ചായത്തുകളിൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്തുന്നതിന് (അടങ്കൽ 10 ലക്ഷം രൂപ വരെ) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, മേൽനോട്ടം വഹിക്കാനും, മെഷർമെന്റ് രേഖപ്പെടുത്താനും ജില്ലാ തലത്തിൽ എക്സിക്യൂട്ടീവ്

എഞ്ചിനീയർ കൺവീനറായി കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയവരിൽ നിന്ന് അഞ്ചംഗ സമിതി രൂപീകരിക്കാൻ തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പിന്റെ 21.11.2014 ലെ സ.ഉ (സാധാ) 3033/2014 /ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിർദേശിച്ചിട്ടുള്ളതാണ്.

മേൽ ഉത്തരവ് പരിഷ്കരിച്ച് ഇറക്കിയ തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പിന്റെ 22.09.2015 ലെ സ.ഉ(സാധാ) 2878/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, മേൽ നോട്ടം വഹിക്കുന്നതിനും കെ.എസ്.ഇ.ബി, പി.ഡബ്ല്യു.ഡി എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എഞ്ചിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും ഈ പാനലിൽ നിന്നും ഒരു എഞ്ചിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുക, ബിൽ തയ്യാറാക്കുക എന്നിവ പ്രസ്തുത എഞ്ചിനീയറുടെ ഉത്തരവാദിത്വമായിരിക്കും. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയപ്പോൾ മേൽ നിർദേശം പാലിച്ചിട്ടില്ല.

കൂടാതെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ സാങ്കേതിക അനുമതി, വർക്കുകളുടെ ചെക്ക് മെഷർമെന്റ് എന്നിവ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി മൂന്നിൽ കുറയാതെയുള്ള പിഡബ്ല്യുഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ എഞ്ചിനീയർമാർ അംഗങ്ങളായ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മറ്റിയിലെ ഇലക്ട്രിക്കൽ എഞ്ചിനീയർമാർ പ്രവൃത്തികളുടെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള പരിശോധന നടത്തേണ്ടതും പ്രവൃത്തികളുടെ ചെക്ക് മെഷർമെന്റ് നടത്തേണ്ടതുമാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതിക അനുമതി നൽകേണ്ടതും ബില്ലിന് അനുമതി നൽകേണ്ടതുമാണ്. പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവർക്ക് എസ്റ്റിമേറ്റ് തുകയുടെ ഒരു ശതമാനം ഓണറേറിയം ആയി നൽകേണ്ടതുമാണ്. ഇപ്രകാരം പാനൽ അംഗങ്ങളായി പ്രവർത്തിക്കുന്നവരിൽനിന്നും ഒരു "ടേംസ് ഓഫ് റഫറൻസ്" (ToR) നൽകി സമ്മതപത്രം വാങ്ങേണ്ടതുമാണ്. ഇത്തരത്തിലുള്ള നിർദേശങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 16/27.12.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ജി.എസ്.ടി ഇനത്തിൽ കരാറുകാരന് അധികമായി അനുവദിച്ച് നൽകിയ 3,826/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

1-18 കമ്പ്യൂട്ടർ പർച്ചേസ് - ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 294/22, ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ : 3,00,000

ചെലവ് തുക : 2,95,300 (തനത്ഫണ്ട്)

വൗച്ചർ നമ്പർ/തിയ്യതി : 22100225/07.07.2021

മേൽ പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 12.02.2022 ന് ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം ലഭ്യമായ 2 ടെണ്ടറുകളിൽ കുറവ് തുക ക്വാട്ട് ചെയ്ത നിസ്ഡൻ ഇൻഫോ വേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് ഓർഡർ നൽകി. സ്ഥാപനത്തിന്റെ 24.03.2021 ലെ NPMB2B/2309 നമ്പർ ഇൻവോയ്സ് പ്രാകാരം 3 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും, ക്യാഷ് കൗണ്ടർ, പ്രിന്റർ, സ്കാനർ, ടോക്കൺ ഡിസ്പ്ലേ ടോക്കൺ ഡിസ്പൻസർ, EPABX എന്നിവ ഓരോന്ന് വീതവും വാങ്ങിയതിന് 2,95,300/- രൂപ സ്ഥാപനത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

2017 ചരക്ക സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടി ഡി എസ് പിടിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ബില്ല് പ്രകാരം GST/CGST 45046/- രൂപയും നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,254 രൂപയുമാണ്. (295300 - 45046) എന്നാൽ മേൽ ബില്ലുകൾക്ക് പേയ്മെന്റ് നടത്തിയപ്പോൾ ജി എസ് ടി - ടി ഡി എസ് ഈടാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 17/27.12.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, സ്ഥാപനം ജി.എസ്.ടി തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
തദ്ദേശ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ CPCRCS/GBM മുഖേന വാങ്ങേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-19 അംഗൻവാടി പോഷകാഹാരം - പ്രൊജക്ട് അപാകതൾ

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

1. പ്രൊജക്ട് നമ്പർ, പേര് : 118/22, അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ : 75,44,000

ചെലവ് തുക : 70,99,820 (വികസന ഫണ്ട് ജനറൽ - 25,43,362, കേന്ദ്രാവിഷ്കൃത ഫണ്ട് - 30,63,382, തനത് ഫണ്ട് - 14,93,076)

2. പ്രൊജക്ട് നമ്പർ, പേര് : 131/22, അനുപൂരക പോഷകാഹാരം (എസ് സി പി)

അടങ്കൽ : 7,50,000

ചെലവ് തുക : 4,89,994 (വികസന ഫണ്ട് എസ് സി പി)

1. ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയില്ല

2017 ചരക്കു സേവന നികുതി വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ GST ബാധകമായ സാധനങ്ങളുടെ വില നൽകുമ്പോൾ നികുതി ഒഴികെയുള്ള പർച്ചേസ് തുക 2,50,000 രൂപയിൽ അധികരിക്കുമ്പോൾ നിശ്ചിത നിരക്കിൽ ജി എസ് ടി - ടി ഡി എസ് ഈടാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ മിക്സ് എന്നിവ വിതരണം ചെയ്ത ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷത്തിൽ സാധനങ്ങളുടെ വിലയിനത്തിൽ 2,50,000/- രൂപയിൽ കൂടുതൽ നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനങ്ങൾക്ക് പണം നൽകിയപ്പോൾ GST TDS കുറവ് വരുത്തിയിട്ടില്ല.

സ്ഥാപനം	ആകെ അനുവദിച്ച തുക
റുമാന ന്യൂട്രിമിക്സ്, കുടുംബശ്രീ യൂണിറ്റ്, ഓമാനൂർ	33,36,731
പ്രീതി ഐശര്യ ന്യൂട്രിമിക്സ്, NHG കുനിയിൽ	7,03,627

2. ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന സമയബന്ധിതമായി നടത്തിയിട്ടില്ല

കുടുംബശ്രീ യൂനിറ്റുകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന രണ്ട് മാസത്തിലൊരിക്കൽ നടത്തണം എന്ന് സർക്കാർ നിർദ്ദേശം ഉള്ളതാണെങ്കിലും പഞ്ചായത്തിൽ ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ പരിശോധനാസർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. പഞ്ചായത്തിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല

പഞ്ചായത്തിൽ ന്യൂട്രിമിക്സ്, ന്യൂട്രിമാം, ഗ്രാവി പ്രോ എന്നിവ വിതരണം ചെയ്ത സ്ഥാപനങ്ങളെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചിട്ടില്ല. സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാർ ചമക്കുകയും ചെയ്തിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 30/28.12.2022) ലഭ്യമാക്കിയ മറുപടിയിൽ 2021-22 വർഷത്തിൽ GST രജിസ്ട്രേഷൻ എടുക്കാൻ വൈകിയതിനാൽ TDS പിടിക്കാൻ സാധിച്ചിട്ടില്ല എന്നറിയിച്ചു. നിലവിൽ TDS ഈടാക്കുന്നുണ്ട് എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ഭക്ഷ്യ സാധനങ്ങളുടെ ഗുണനിലവാര പരിശോധന ജൂലൈ മാസത്തിൽ നടത്തിയിരുന്നു എന്നും, റിപ്പോർട്ട് വളരെ വൈകിയാണ് ലഭ്യമാവുന്നത് എന്നും മറുപടി നൽകി. സർക്കാർ നിർദേശങ്ങൾ പാലിച്ച് പ്രൊജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതും, സ്ഥാപനം GST തുക അടവാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സ്ഥാപനം ജി.എസ്.ടി. അടവാക്കിയതിന്റെ റിട്ടേൺ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

1-20 ഭവന നിർമ്മാണം - ആദ്യ ഗഡു തുക കൈപ്പറ്റി - നിർമ്മാണം പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന ലൈഫ് ഭവന നിർമ്മാണം (ജനറൽ) പ്രാജക്ട് പ്രകാരം 2018-19 വർഷത്തിൽ രണ്ട് ഗഡുക്കൾ തുക കൈപ്പറ്റിയ ചുവടെ ചേർത്ത ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി ഭവന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടില്ല.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (ഒന്നാം ഗഡു)	കൈപ്പറ്റിയ തുക (രണ്ടാം ഗഡു)
സുബൈദ കെ W/o റഫീഖ്, കുറുപ്പത്ത് ഹൗസ്, വാഴക്കാട്	40,000 (ബിൽ നമ്പർ/തിയ്യതി 14/18-19 Dt: 23.11.2018)	1,00,000 (ബിൽ നമ്പർ/തിയ്യതി 20/18-19 Dt: 14.01.2019)

മേൽ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പൂർത്തീകരിച്ചിട്ടില്ലെങ്കിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം എന്നിവ റിപ്പോർട്ട് ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 33/28.12.2022) ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താവ് വാഴക്കാട് പഞ്ചായത്തിൽ താമസിച്ച വരവെ ചീക്കോട് പഞ്ചായത്തിൽ റവന്യ ഭൂമി ലഭിക്കുകയും, വീട് നിർമ്മാണത്തിന് തുക അനുവദിക്കുകയും ചെയ്തിരുന്നു എന്നും, എന്നാൽ പിന്നീട് ടിയാനെ കുറിച്ച് യാതൊരു വിവരവും ഇല്ല എന്നും പണി പൂർത്തീകരിക്കാൻ കത്ത് നൽകിയിരുന്നു എന്നും പരാമർശിച്ചിട്ടുണ്ട്. വീട് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും, അല്ലാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്.

1-21 ജി എസ് ടി - ടി ഡി എസ് ഈടാക്കിയില്ല

2017- ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യമുള്ള വാങ്ങലുകളിൽ 2 ശതമാനം ജി.എസ്.ടി യുടെ TDS കുറവ് ചെയ്യേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതികൾ പ്രകാരമുള്ള വാങ്ങലുകളിൽ ജി.എസ്.ടി ഉൾപ്പെടെയുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും TDS ഈടാക്കി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1-21-1 പ്രോജക്ട് നം 113/22 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ

അടങ്കൽ :400000 /-(SCP ഫണ്ട്) ,ചെലവ് : 377991 (ബിൽ നം.BRN 21151052034701453233/25-3-22)
മേൽ പ്രോജക്ട് പ്രകാരം GEM പോർട്ടൽ മുഖേന സൌണ്ട് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ GEM/393/2122 /21-3-22)9 ലാപ്പ് ടോപ്പ് വാങ്ങിയതിന് 377991 /- രൂപ നൽകിയിട്ടുണ്ട്.ടാക്സ് ഒഴികെയുള്ള തുക 320331/-രൂപയാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടില്ല.
അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 27.12.2022) അപാകത പരിഹരിക്കാമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരമുള്ള പർച്ചേസിന് ജി എസ് ടി അടവാക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതും ബന്ധപ്പെട്ട രേഖ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-21-2 പ്രോജക്ട് നം 309/22 ഹരിതകർമ്മസേനക്ക് കളക്ഷൻ ബാഗ് വാങ്ങി നൽകൽ

അടങ്കൽ 475000: /-(കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ് : 474960/-രൂപ (വൌച്ചർ നം 22100744/31-3-22)

മേൽ പ്രോജക്ട് പ്രകാരം അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുന്നതിന് റെയിൻബോ ക്ലോത്ത് ബാഗ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നമ്പർ 18 /30-3-22) 7916 തുണി സഞ്ചികൾ വാങ്ങിയതിന് 474960/- രൂപ നൽകിയിട്ടുണ്ട്.

ടാക്സ് ഒഴികെയുള്ള തുക 424071/-രൂപയാണ്. എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി- ടിഡിഎസ് ഈടാക്കിയിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/ 27.12.2022) അപാകത പരിഹരിക്കാമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഇൻവോയ്സ് പ്രകാരമുള്ള പർച്ചേസിന് ജി എസ് ടി അടവാക്കിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-22 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കൽ, തെരുവ് വിളക്ക് റിപ്പയർ എന്നീ പ്രോജക്ടുകൾക്കായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട്	അടങ്കൽ തുക/ ഫണ്ടിനം	ചെലവ് തുക (വൗച്ചർ നമ്പർ/തിയ്യതി)	കുറിപ്പ്
313/22 - തെരുവ് വിളക്ക് റിപ്പയർ	3,00,000/- (തനത് ഫണ്ട്)	2,92,595 (22100406/05.02.2022)	തെരുവുവിളക്കുകളുടെ റിപ്പയർ ആവശ്യത്തിലേക്കായി LED ബൾബുകൾ, ഇലക്ട്രിക് സാധനങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച്

			എ.കെ എഞ്ചിനീയറിംഗ് കമ്പനി, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക 2,25,905/- രൂപ (ഇൻവോയ്സ് നമ്പർ - 105/04.01.2022 – 164503, 108/11.01.2022 – 28138, 114/17.01.2022 - 33264)
			18 വാർഡുകളിൽ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് ലൈറ്റ് ഒന്നിന് 130/- രൂപ നിരക്കിൽ 513 വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ. ബഷീർ പി ക്ക് അനുവദിച്ച തുക 66,690/- രൂപ
		5,460 (22100685/29.03.2022)	18 വാർഡുകളിൽ തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതിന് ലൈറ്റ് ഒന്നിന് 130/- രൂപ നിരക്കിൽ 42 വിളക്കുകൾ റിപ്പയർ ചെയ്തതിന് ശ്രീ. ബഷീർ പി ക്ക് അനുവദിച്ച തുക 5,460/- രൂപ
ആകെ ചെലവ്		2,98,055 രൂപ	
207/22, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ	9,58,000	22100647/24.03.2022 – 499191 (തനത് ഫണ്ട്)	156 വിളക്ക് സ്ഥാപിച്ചതിന് SILK ന് നൽകിയ തുക 499191/- രൂപ (ഇൻവോയ്സ് നമ്പർ : SBUA/21-22 /UR/1409 തി. 15.03.2022)
		22100655/26.03.2022 – 447992 (ധനകാര്യ കമ്മീഷൻ അവാർഡ്)	140 വിളക്ക് സ്ഥാപിച്ചതിന് SILK ന് നൽകിയ തുക 447992/- രൂപ (ഇൻവോയ്സ് നമ്പർ : SBUA/21-22 /UR/129 തി. 25.01.2022)
ആകെ ചെലവ്		9,47,183 രൂപ	

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്ന പദ്ധതി (313/22) പ്രകാരം 18 W ന്റെ 450 പുതിയ LED ബൾബുകൾ, 48 W ന്റെ 25 പുതിയ LED ബൾബുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. കൂടാതെ അവ ഫിറ്റ് ചെയ്യുന്നതിനുള്ള അനുബന്ധ സാധനങ്ങളും വാങ്ങിയിരുന്നു. അറ്റകുറ്റപ്പണി നടത്തിയപ്പോൾ നിലവിൽ പ്രവർത്തനരഹിതമായ വിളക്കുകൾ/കേടുവന്ന സാധങ്ങൾ എന്ത് ചെയ്തു എന്ന വിവരം ലഭ്യമല്ല. മാത്രമല്ല പുതിയ LED ബൾബുകളുടെ വാറണ്ടി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

2. പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി (207/22) പ്രകാരം 25 W LED ബൾബുകൾ SILK ൽ നിന്ന് 296 എണ്ണം വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. SILK മായി ഉണ്ടാക്കിയ കരാർ പ്രാകരം പ്രവൃത്തി പൂർത്തീകരിച്ചത് മുതൽ വിളക്കുകൾക്ക് 2 വർഷം വാറണ്ടിയുണ്ട്. എന്നാൽ ആയത് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇത് കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല.

3. റിപ്പയർ/വിളക്ക് സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രം ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിൽ വിവരം ചേർക്കാത്തതിനാൽ ഒരിക്കൽ റിപ്പയർ ചെയ്ത വിളക്കുകൾ വാറണ്ടി പിരീയഡിൽ വീണ്ടും റിപ്പയർ ചെയ്തോ എന്ന് വ്യക്തമല്ല. ഭരണസമിതിയുടെ 19.03.2022 ലെ 3 നമ്പർ തീരുമാന പ്രകാരം 2022 ജനവരിയിൽ റിപ്പയർ ചെയ്ത വിളക്കുകളിൽ 26 എണ്ണം വീണ്ടും റിപ്പയർ ചെയ്യേണ്ടത് അനിവാര്യമാണ് എന്ന് കാണിച്ച് റിപ്പയറിംഗിനായി 03/22 ൽ തുക നൽകിയിട്ടുണ്ട്. 01/22 ൽ പർച്ചേസ് നടത്തിയ വിളക്കുകളുടെ വാറണ്ടി ലഭ്യമാക്കാത്തതിനാൽ അവ തന്നെ വീണ്ടും റിപ്പയർ ചെയ്തിട്ടുണ്ടെങ്കിൽ ഈ ഇനത്തിൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായി. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

4. തെരുവുവിളക്കുകളുടെ ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതമായതുമായ, വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.

5. കെ എസ് ഇ ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

6. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 21/27.12.2022) ലഭ്യമാക്കിയ മറുപടിയിൽ റിപ്പയറിംഗ് സമയത്ത് അഴിച്ചു മാറ്റിയ സാധനങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും, ഉടനെ മൂല്യ നിർണ്ണയം നടത്തി ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ LED ബൾബുകൾക്ക് എ.കെ എഞ്ചിനീയറിംഗ് കമ്പനി 2 വർഷം വാറണ്ടി നൽകിയിട്ടുണ്ട് എന്നും പരാമർശിച്ചിട്ടുണ്ട്. വാറണ്ടി വിവരം രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തുന്നതാണ് എന്നും രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ചേർത്ത് സൂക്ഷിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-23 അക്രഡിറ്റഡ് ഏജൻസി വഴിയുള്ള പ്രവൃത്തി - സർക്കാർ നിർദേശം പാലിച്ചില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ, പേര് : 207/22, തെരുവ് വിളക്കുകൾ സ്ഥാപിക്കൽ

അടങ്കൽ : 9,58,000

ചെലവ് തുക : 9,47,183

വൗച്ചർ നമ്പർ / തിയ്യതി : 22100647/24.03.2022 – 499191 (തനത് ഫണ്ട്)

വൗച്ചർ നമ്പർ / തിയ്യതി : 22100655/26.03.2022 – 447992 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചീക്കോട് ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏൽപ്പിച്ചിരുന്നു. 11.10.2021 ന് SILK ലഭ്യമാക്കിയ ASBU/4.02(42)/2021-22 നമ്പർ എസ്റ്റിമേറ്റ് പ്രകാരം 25 W LED വിളക്കുകൾ ലഭ്യമാക്കി സ്ഥാപിച്ച് നൽകുന്നതിന് വിളക്ക് ഒന്നിന് 2635/- രൂപ നിരക്കിൽ 296 വിളക്കുകൾക്ക് 947183 രൂപയാണ് (ജി.എസ്.ടി 12%, സെന്റേജ് ചാർജ് 8%, ജി.എസ്.ടി ഓൺ സെന്റേജ് 18% ഉൾപ്പെടെ) വില കാണിച്ചിരിക്കുന്നത്.

ആദ്യ ഘട്ടത്തിൽ 140 വിളക്ക് സ്ഥാപിച്ചതിന് 447992/- രൂപയും (ഇൻവോയ്സ് നമ്പർ : SBUA/21-22/UR/129 തി. 25.01.2022) പിന്നീട് 156 വിളക്ക് സ്ഥാപിച്ചതിന് 499191/- രൂപയും (ഇൻവോയ്സ് നമ്പർ : SBUA/21-22/UR/1409 തി. 15.03.2022) സ്ഥാപനത്തിന് അനുവദിച്ച് നൽകി. പ്രൊജക്ട് നിർവഹണ നടപടികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക് - ബി) വകുപ്പിന്റെ 04.07.2019 ലെ ജി.ഒ (പി) 77/2019/ഫിൻ നമ്പർ ഉത്തരവ്, ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക് - ബി) വകുപ്പിന്റെ 29.02.2020 ലെ ജി.ഒ (പി) 22/2020/ഫിൻ നമ്പർ

ഉത്തരവ് എന്നിവ പ്രകാരം SILK നെ സിറ്റീൽ സ്ട്രക്ചർ, ഇലക്ട്രോ മെക്കാനിക്കൽ വർക്ക് Etc. എന്നിവക്ക് PMC അക്രഡിറ്റഡ് ഏജൻസിയായി അംഗീകാരം നൽകിയിട്ടുണ്ട്.

ധനകാര്യ (ഇൻഡസ്ട്രീസ് & പബ്ലിക് വർക്ക് - ബി) വകുപ്പിന്റെ 28.04.2021 ലെ ജി.ഒ (പി) 67/2021/ഫിൻ നമ്പർ ഉത്തരവ് 3.1 പ്രകാരം PMC (Project Managment Consultant) അക്രഡിറ്റഡ് ഏജൻസി എസ്റ്റിമേറ്റ് തയ്യാറാക്കുക, ടി.എസ് നൽകുക, ടെണ്ടർ ക്ഷണിക്കൽ, കരാർ വെക്കൽ, മൂല്യ നിർണ്ണയം, ചെക്ക് മെഷർ, ബിൽ തയ്യാറാക്കുക Etc. എന്നീ പ്രവൃത്തികളാണ് ചെയ്യേണ്ടത്. കൂടാതെ പഞ്ചായത്തിന് വേണ്ടി ടെണ്ടർ ക്ഷണിച്ച് കരാറുകാർ മുഖേന പ്രവൃത്തി നടപ്പാക്കേണ്ട ചുമതലയുമാണ് PMC അക്രഡിറ്റഡ് ഏജൻസിക്ക് ഉള്ളത്.

PMC അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിച്ച് കരാറുകാർ മുഖേന പ്രവൃത്തി നടത്തണമോ, അതോ Non PMC യായി അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് നിർവഹണം നടത്തണമോ, എന്ന് ഭരണ വകുപ്പ് വ്യക്തമായി തീരുമാനിക്കണമെന്നും ആയതിന് ശേഷം PMC/ Non PMC സ്ഥാപനത്തെ സെലക്റ്റ് ചെയ്യണമെന്നും ഉത്തരവ് ഖണ്ഡിക 6 ൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത SILK എന്ന സ്ഥാപനം PMC അക്രഡിറ്റഡ് ഏജൻസിയാണ് എന്ന് ഉത്തരവിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ തന്നെ സ്ഥാപനത്തിന് നേരിട്ട് പ്രവൃത്തി നിർവഹണം നടത്താവുന്നതല്ല. SILK മുഖേന ടെണ്ടർ നടപടികളിലൂടെ കരാറുകാരെ തെരഞ്ഞെടുത്ത് നിർവഹണം നടത്തുകയായിരുന്നു വേണ്ടിയിരുന്നത്. മാത്രവുമല്ല ഉത്തരവ് ഖണ്ഡിക 7 പ്രകാരം PMC അക്രഡിറ്റഡ് ഏജൻസിക്ക് 1 കോടിക്ക് താഴെയുള്ള വർക്കിന് PMC/സെന്റേജ് ചാർജ് ആയി പ്രവൃത്തി മൂല്യത്തിന്റെ 8% അനുവദിക്കാം എന്നും പരാമർശിച്ചിട്ടുണ്ട്. മേൽ പ്രൊജക്റ്റ് പ്രകാരം സ്ഥാപനത്തിന് സെന്റേജ് ചാർജ് 8% അനുവദിച്ച് നൽകിയിട്ടുമുണ്ട്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/27.12.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 9,47,183/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-24 പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി - ഭരണ സമിതി തീരുമാനം എടുത്തു.

ഗ്രാമപഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെയുള്ളതിൽ പൊതുമരാമത്ത് വകുപ്പിൽ തത്സമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്നും ഈ ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (ചട്ടം 18).

മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ മേൽ ചട്ടത്തിൽ പരാമർശിക്കുന്നില്ല. അതിനാൽ ഇക്കാര്യത്തിൽ പൊതു മരാമത്ത് വകുപ്പിൽ അനുവർത്തിച്ച് വരുന്ന നടപടിക്രമമാണ് പഞ്ചായത്ത് പാലിക്കേണ്ടത്.

പൊതു മരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ താഴെ നൽകുന്നു.

PWD Manual 2112 - കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ പൂർത്തീകരണ കാലാവധി നീട്ടി നല്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പൂർത്തീകരണ കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്.

ഇപ്രകാരം അപേക്ഷിക്കുമ്പോൾ അനുവദിക്കുന്ന ഒറ്റത്തവണവർദ്ധന പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല.

ഒരു പ്രവൃത്തിക്ക് ഇത്തരത്തിൽ പരമാവധി അനുവദിക്കാവുന്ന വർധന ആകെ പൂർത്തീകരണ സമയത്തിന്റെ പകുതിയിൽ കൂടാൻ പാടില്ല.

PWD Manual 2112.1 - പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ബിഡ്ഡിംഗ് ഡോക്യുമെന്റിൽ പരാമർശിച്ച നിരക്കിൽ പിഴ ചുമത്തി പ്രവൃത്തി പൂർത്തീകരണ കാലാവധി നീട്ടി നൽകാവുന്നതാണ്. (PWD Manual 2112.1) കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന പൂർത്തീകരണ കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷ നൽകേണ്ടതും അതിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ശുപാർശ അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇത്തരത്തിൽ കാലാവധി നീട്ടി നൽകുന്നതിന് ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

കാലയളവ്	പിഴ
ആദ്യ വർദ്ധന (First Extension)	PAC യുടെ 1% (മിനിമം 1000 , പരമാവധി 50000)
തുടർന്നുള്ള വർദ്ധന (Beyond First Extension)	PAC യുടെ 2% (മിനിമം 2000 , പരമാവധി 100000)

PWD Manual 2112.1- നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കാലാവധി നീട്ടി നൽകാവുന്നതല്ല. അത്തരം സാഹചര്യത്തിൽ മുൻപ് അംഗീകരിച്ച സമയത്ത് കരാർ അവസാനിക്കുന്നതാണ്. പൂർത്തീകരണം വൈകിയത് കരാറുകാരന്റെ കാരണത്താൽ അല്ലെങ്കിൽ ഇതിന് പിഴഒന്നും ഈടാക്കേണ്ടതില്ല. എന്നാൽ കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ്.

എന്നാൽ മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പഞ്ചായത്ത് ഭരണ സമിതി പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകി തീരുമാനം എടുത്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

പ്രവൃത്തി/ പൂർത്തീകരണ കാലയളവ്	പൂർത്തീകരിച്ച തിയ്യതി/ വൈകിയത്	കുറിപ്പ്
ആശാരിപ്പടിക്കൽ കിളിയേങ്ങൽ റോഡ് കോൺക്രീറ്റ് (25 8/22) പൂർത്തീകരണകാലയളവ്- 4 മാസം സൈറ്റ് കൈമാറിയത്- 01.06.2020 -	20.12.2021 വൈകിയത്- 12 മാസം 81 ദിവസം	1(3)/ 18.10.2021 നെ തീരുമാനപ്രകാരം പൂർത്തീകരണ കാലയളവ് 27.12.2021 വരെ നീട്ടി നൽകാൻ തീരുമാനിച്ചു.
പന്തീരായി നടപ്പാത സൈഡ് കെട്ട് (243/22) പൂർത്തീകരണകാലയളവ്- 4 മാസം സൈറ്റ് കൈമാറിയത്- 18.11.2019	03.03.2022 വൈകിയത്- 21 മാസം 76 ദിവസം	1-14/ 18.10.2021 നെ തീരുമാനപ്രകാരം പൂർത്തീകരണ കാലയളവ് നീട്ടി നൽകാൻ തീരുമാനിച്ചു.

പഞ്ചായത്ത് രാജ് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകിയത് അംഗീകരിക്കാനാവില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻശ്രദ്ധിക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/29.12.2022) മറുപടി ലഭ്യമാക്കിയില്ല

1-25 മരുന്ന് വാങ്ങൽ -81434/ രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ (CHC) നിർവഹണം നടത്തിയ രണ്ട് പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL ന് മുൻകൂറായി പണം നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

I- പരിരക്ഷ പ്രോഗ്രാം [93/22]

ഫണ്ട്/അടങ്കൽ	വികസന ഫണ്ട് /800000
മരുന്നിന് ചെലവഴിച്ച തുക/ വൗച്ചർ നമ്പർ	₹ 245880 / (22100777/20.10.2021)

മേൽ പ്രൊജക്ട് പ്രകാരം 245880 രൂപ മുൻകൂർ നൽകിയതിൽ 218269 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹ 27611 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

ക്ര.ന	തുക നൽകിയതിന്റെ വിവരം		മരുന്ന് ലഭിച്ചതിന്റെ വിവരം	
1	Prf 2483/ 05.10.2021	245880	Inv No 10278/20.12.2021	8913
2			Inv /11486/17.01.2022	17166
3			Inv /10727/01.01.2022	8240
4			Inv No 13014/15.02.2022	61544

			Inv No 13119/16.02.2022	9221
			Inv No 14383/04.03.2022	41199
			Inv No 1699/06.05.2022	37482
			Inv No 4129/09.06.2022	34504
ആകെ		245880	ആകെ	218269

II) കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ [116/22]

ഫണ്ട്/അടങ്കൽ	വികസന ഫണ്ട് /400000
ചെലവ്/ വൗച്ചർ നമ്പർ	₹ 372158 (*22100778/ 20.10.2021)*

മേൽ പ്രൊജക്റ്റ് പ്രകാരം 372158 രൂപ മുൻകൂർ നൽകിയതിൽ 310335 രൂപയുടെ മരുന്നാണ് നാളിതുവരെ ലഭിച്ചത്. ₹ 61823 രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു.

വിശദ വിവരം താഴെ നൽകുന്നു.

ക്രമ.ന	തുക നൽകിയതിന്റെ വിവരം		മരുന്ന് ലഭിച്ചതിന്റെ വിവരം	
1	Prf 2438/ 04.10.2021	372158	Inv No 9300/19.11.2021	86653
2			Inv No 9742/08.12.2021	28921
3			Inv No 13101/16.02.2022	87885
4			Inv No 13116/16.02.2022	21638
			Inv No 2928/25.05.2022	24847
			Inv No 3883/07.06.2022	60391
ആകെ		372158	ആകെ	310335

അവശേഷിക്കുന്ന 89434/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/29.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല

1-26 കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
2. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. 2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല.
4. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
6. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.12.2022) അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

1-27 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ കൊണ്ടോട്ടി സബ് ട്രഷറിയിൽ ഉള്ള 799011400002055 നമ്പർ അക്കൗണ്ടിൽ ₹339384 യും SBI എടവണ്ണപ്പാറ ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള 38709496988 നമ്പർ അക്കൗണ്ടിൽ ₹ 378821.79 യും 31.03.2022 ന് ചെലവഴിക്കാതെ അവശേഷിക്കുന്നതായി കണ്ടെത്തി.

അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും എഴുതിയ 31.03.2022 വരെയുള്ള കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് AE യുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി,ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. . അക്കൗണ്ടിൽ ചെലവഴിക്കാൻഅവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതുമാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/28.12.2022) ന് അപാകത പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

1-28 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2021-22 വരെ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/23.12.2022) ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് വരവ് വന്നത് എന്നും ഇത് ലഭിക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-29 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7)]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ചട്ടം 10(8)]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളില് മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ടെണ്ടറിൽ ഉദ്യോഗസ്ഥൻ യാതൊരു സാക്ഷ്യപ്പെടുത്തലും നടത്തിയിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ അസിസ്റ്റന്റ്

എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ കണ്ടത്തുകയും ചെയ്തു.

ടെണ്ടർ നടപടികളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ക്രമക്കേടുകൾക്ക് അവസരം ഉണ്ടാക്കിതിരിക്കാനുമായി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/28.12.2022) ന് അപാകത പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

1-30 ടെണ്ടർ തിരുത്തൽ - ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചയാത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7)]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ചട്ടം 10(8)]

പഞ്ചായത്തിൽ തൻവർഷം ടെണ്ടർ ചെയ്ത ഏതാനും പ്രവൃത്തികളുടെ ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന്റെ ചുരുക്കൊപ്പ് ഇല്ലാത്ത തിരുത്തലുകൾ ടെണ്ടറിൽ കണ്ടെത്തി. ഈ തിരുത്തലുകളെല്ലാം തന്നെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് മാറ്റി ഉയർന്ന നിരക്കാക്കി മാറ്റാൻ വേണ്ടിയായിരുന്നു എന്നതും ശ്രദ്ധേയമാണ്.

ടെണ്ടർ തുറക്കുന്ന സമയത്ത് ഈ തിരുത്തലുകൾ ടെണ്ടറിൽ ഉണ്ടായിരുന്നു എങ്കിൽ ചട്ടം 10 (7) പ്രകാരമുള്ള രേഖപ്പെടുത്തലുകൾ ടെണ്ടറിൽ ഉണ്ടാവേണ്ടതായിരുന്നു. അത്തരം രേഖപ്പെടുത്തലുകൾ ടെണ്ടറിൽ ഇല്ലാത്തതിനാൽ ഈ തിരുത്തലുകൾ ടെണ്ടർ തുറന്ന ശേഷം വരുത്തിയതാണ് എന്ന് കരുതാവുന്നതാണ്.

മൂന്ന് പ്രവൃത്തികളിൽ ഇത്തരത്തിൽ ക്രമവിരുദ്ധമായ തിരുത്തലുകൾ കണ്ടെത്തി.

വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി	ടെണ്ടർ സമർപ്പിച്ച കരാറുകാർ	കുറിപ്പ്
ക്യാപറ്റൻ കൃഷ്ണൻ നായർ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (78/22)	1) ശ്രീ ഷംസുദ്ദീൻ MP- എസ്റ്റിമേറ്റ് നിരക്ക് 2) ശ്രീ ഷാഹുൽ ഹമീദ് PK- 29.2 % കുറവ് എന്ന് എഴുതിയത് മറ്റൊരു പേന ഉപയോഗിച്ച് വെട്ടി 5% കൂടുതൽ എന്നാക്കി മാറ്റി. തിരുത്തലുകൾ AE സാക്ഷ്യപ്പെടുത്തിയിട്ടില്ല. 3) ശ്രീ VP ശുഹൈബ് - 31.275% കുറവ് എന്നത് AE സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് തിരുത്തി 31.275% കൂടുതൽ എന്നാക്കി മാറ്റിയിട്ടുണ്ട്. EMD സമർപ്പിച്ചിട്ടില്ല എന്ന് ടെണ്ടർ രജിസ്റ്ററിൽ എഴുതിയിട്ടുണ്ട്. എന്നാൽ ഇത് സാക്ഷ്യപ്പെടുത്തിയിട്ടില്ല	ചട്ടം 10(7), പ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ചെയ്തിട്ടില്ല.
ആശാരിപ്പടിക്കൽ കിളിയേങ്ങൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (55/22)	1) ശ്രീ ME ജാസിദ്- എസ്റ്റിമേറ്റ് നിരക്ക് 2) ശ്രീ T മുഹമ്മദ് ആസിർ- 5% കൂടുതൽ 3) ശ്രീ ഷാഹുൽ ഹമീദ് PK- 18.2 % കുറവ് എന്ന് എഴുതിയത് മറ്റൊരു പേന ഉപയോഗിച്ച് വെട്ടി 5% കൂടുതൽ എന്നാക്കി മാറ്റി. തിരുത്തലുകൾ AE സാക്ഷ്യപ്പെടുത്തിയിട്ടില്ല. EMD സമർപ്പിച്ചിട്ടില്ല എന്ന് ടെണ്ടർ രജിസ്റ്ററിൽ എഴുതിയിട്ടുണ്ട്. എന്നാൽ ഇത് സാക്ഷ്യപ്പെടുത്തിയിട്ടില്ല	ചട്ടം 10(7), 10 (8) പ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ചെയ്തിട്ടില്ല.
പോത്തുംകുണ്ട് കാപ്പിക്കാട്ടിൽ റോഡ്	1) ശ്രീ ഷാഹുൽ ഹമീദ് PK- 26.22 % കുറവ് എന്ന് എഴുതിയത് മറ്റൊരു പേന ഉപയോഗിച്ച് വെട്ടി	ചട്ടം 10(7), പ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ

കോൺക്രീറ്റ് (32/22)	എസ്റ്റിമേറ്റ് നിരക്ക് എന്നാക്കി മാറ്റി. തിരുത്തലുകൾ AE സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2) ശ്രീ യാസിർ അഹമ്മദ് N- 0.2201% കുറവ് No EMD എന്ന് എഴുതിയിട്ടുണ്ട്. 3) ശ്രീ ഷബീർ അലി CP- 5% കൂടുതൽ	ചെയ്തിട്ടില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ ആവർത്തിക്കാതിരിക്കാൻ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/28.12.2022) ന് അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-31 പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം-₹88277 പിഴ ഈടാക്കിയില്ല

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ചമൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തി കരാർ മുൻപ് അംഗീകരിച്ച സമയത്ത് അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1)

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

കാലയളവ്	പിഴ
ആദ്യ വർദ്ധന (First Extension)	PAC യുടെ 1% (മിനിമം 1000 , പരമാവധി 50000)
തുടർന്നുള്ള വർദ്ധന (Beyond First Extension)	PAC യുടെ 2% (മിനിമം 2000 , പരമാവധി 100000)

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ വിവിധ പ്രവൃത്തി ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത വിവിധ പ്രവൃത്തികളിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരന് പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും വ്യക്തമായി.

I-പൊന്നാട് കുറ്റിക്കാട്ടിൽ റോഡ് റി ടാറിംഗ് (257/22)

പൂർത്തീകരണകാലയളവ്- 8 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ

കരാർ - 53/AE/LSGD/CGP/ 20-21 Dt.08.06.2020

PAC - 200528.63

സൈറ്റ് കൈമാറിയത്- 08.06.2020

M Book - 116/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 27.12.2021

പൂർത്തീകരിച്ചത് - 10.01.2022

ചെലവ് - ₹ 225000 (42100399 Dt 11.02.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി	പൂർത്തീകരിച്ച	ഈടാക്കേണ്ടിയിരുന്ന പിഴ

(കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	തിയ്യതി.	
07.08.2021	10.01.2022	വൈകിയത് - 3മാസം 64 ദിവസം. ഈടാക്കേണ്ട പിഴ - 4795 [08.08.2021 To 07.11.2021 - @ 1% Of PAC – 2005 08.11.2021 To 10.01.2022 - 64/92 X@2%PAC- 2790

II-ആശാരിപ്പടിക്കൽ കിളിയേങ്ങൽ റോഡ് കോൺക്രീറ്റ് (258/22)

പൂർത്തീകരണ കാലയളവ്- 4 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ ME ജാസിദ്

കരാർ - 44/AE/LSGD/CGP/ 20-21 Dt.01.06.2020

PAC – 178480.18

സൈറ്റ് കൈമാറിയത്- 01.06.2020

M Book – 04/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 10.11.2021

പൂർത്തീകരിച്ചത് - 20.12.2021

ചെലവ് - ₹ 199898 (22100878 Dt 15.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
31.03.2021	20.12.2021	വൈകിയത് - 6മാസം 81 ദിവസം. ഈടാക്കേണ്ട പിഴ - 8498 [01.04.2021 To 30.06.2021 - @ 1% Of PAC – 1785 01.07.2021 To 30.09.2021 - @2%PAC- 3570 01.10.2021 To 20.12.2021 - 81/92x@2% PAC - 3143

III-ഇരുപ്പൻതൊടി ചീക്കോട് റോഡ് റി ടാറിംഗ് (2 70/22)

പൂർത്തീകരണ കാലയളവ്- 9 മാസം (TS പ്രകാരം) + 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ

കരാർ - 57/AE/LSGD/CGP/ 20-21 Dt.08.06.2020

PAC – 356412.07

സൈറ്റ് കൈമാറിയത്- 08.06.2020

M Book – 1590/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 20.12.2021

പൂർത്തീകരിച്ചത് - 24.01.2022

ചെലവ് - ₹ 399422 (22100863 Dt 28.02.2022 – 250000, 42100486/04.03.2022 -149422)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
07.09.2021	24.01.2022	വൈകിയത് - 3മാസം 48 ദിവസം. ഈടാക്കേണ്ട പിഴ - 7366 [08.09.2021 To 07.12.2021 - @ 1% Of PAC – 3564 08.12.2021 To 24.01.2022 - 48/90 X@2%PAC- 3802

IV-അമ്പലത്തിങ്ങൽ പറമ്പാട്ട്പറമ്പ റോഡ് റി ടാറിംഗ് (263/22)

പൂർത്തീകരണകാലയളവ്- 8 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ

കരാർ - 54/AE/LSGD/CGP/ 20-21 Dt.08.06.2020

PAC – 266311.62

സൈറ്റ് കൈമാറിയത്- 08.06.2020

M Book – 346/20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 01.02.2022

പൂർത്തീകരിച്ചത് - 11.02.2022

ചെലവ് - ₹ 299068 (42100533 Dt 18.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
07.08.2021	11.02.2022	വൈകിയത് - 6മാസം 4 ദിവസം. ഈടാക്കേണ്ട പിഴ - 8228 [08.08.2021 To 07.11.2021 - @ 1% Of PAC – 2663 08.11.2021 To 07.02.2022 -

		@2%PAC- 5326 08.02.2022 To 11.02.2022 – 4/89x@2% PAC- 239

V-തടപ്പറമ്പ് ഇരിയാ ട്ട്പറമ്പ റോഡ് റി ടാറിംഗ് (256/22)

പൂർത്തീകരണകാലയളവ്- 5 മാസം (TS പ്രകാരം) + 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ MP അബ്ദുൽ നാസർ

കരാർ - 48/AE/LSGD/CGP/ 20-21 Dt.08.06.2020

PAC – 178473.54

സൈറ്റ് കൈമാറിയത്- 08.06.2020

M Book – 115/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 23.12.2021

പൂർത്തീകരിച്ചത് - 10.01.2022

ചെലവ് - ₹ 199890 (42100481 Dt 04.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
07.05.2021	10.01.2022	വൈകിയത് - 6മാസം 64 ദിവസം. ഈടാക്കേണ്ട പിഴ - 7837 [08.05.2021 To 07.08.2021 - @ 1% Of PAC – 1785 08.08.2021 To 07.11.2021 – @2%PAC- 3569 08.11.2021 To 10.01.2022 – 64/92x@2% PAC- 2483

VI-പന്തീരായി നടപ്പാത സൈഡ് കെട്ട് (243/22)

പൂർത്തീകരണകാലയളവ്- 4 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ MP ഷംസുദ്ദീൻ

കരാർ - 83/AE/LSGD/CGP/ 19-20 Dt.18.11.2019

PAC – 89002.63

സൈറ്റ് കൈമാറിയത്- 18.11.2019

M Book – 330/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 24.12.2021

പൂർത്തീകരിച്ചത് - 03.03.2022

ചെലവ് - ₹ 99937 (22100906 Dt 25.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ

17.09.2020	03.03.2022	വൈകിയത് - 15മാസം 76 ദിവസം. ഈടാക്കേണ്ട പിഴ - 10689 [18.09.2020 To 17.12.2020 - @ 1% Of PAC – 1000 18.12.2020 To 17.03.2021 – @2%PAC- 2000 18.03.2021 To 17.06.2021 – @2% PAC- 2000 18.06.2021 To 17.09.2021 – @2% PAC- 2000 18.09.2021 To 17.12.2021 – @2% PAC- 2000 18.12.2021 To 03.03.2022 – 76/90@2% PAC- 1689

VII-വലിയതോട് (പള്ളിമുക്ക്) സൈഡ് കെട്ട് (242/22)

പൂർത്തീകരണകാലയളവ്- 3 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ NC ഷിഹാബുദ്ദീൻ

കരാർ - 152/AE/LSGD/CGP/ 19-20 Dt.09.03.2020

PAC – 356617.24

സൈറ്റ് കൈമാറിയത്- 09.03.2020

M Book – 636/21-22, 1451/ 20-21

പ്രവൃത്തി ആരംഭിച്ച തിയ്യതി - 08.04.2021

പൂർത്തീകരിച്ചത് - 15.03.2022

ചെലവ് - ₹ 383844 (Dt)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
08.12.2020	15.03.2022	വൈകിയത് - 15മാസം 7 ദിവസം. ഈടാക്കേണ്ട പിഴ - 32637 [09.12.2020 To 08.03.2021 - @ 1% Of PAC – 3566 09.03.2021 To 08.06.2021 – @2%PAC- 7132 09.06.2021 To 08.09.2021 – @2% PAC- 7132 09.09.2021 To 08.12.2021 – @2% PAC- 7132 09.12.2021 To 08.03.2022 – @2% PAC- 7132 09.03.2022 To 15.03.2022 –

		7/92@2% PAC- 543

VIII-കൊഴിത്തൊടി കുളം സംരക്ഷണം(240/22)

പൂർത്തീകരണകാലയളവ്- 12 മാസം (TS പ്രകാരം)+ 6 മാസം (Covid ഇളവ്)

കരാറുകാരൻ- ശ്രീ ഷബീർ അലി സി.പി

കരാർ - 07/AE/LSGD/CGP/ 19-20 Dt.01.10.2019

PAC – 119501.54

സൈറ്റ് കൈമാറിയത്- 01.10.2019

M Book – 625/21-22

പ്രവൃത്തി ആരംഭിച്ച തിയ്യതി - 03.03.2022

പൂർത്തീകരിച്ചത് - 26.03.2022

ചെലവ് - ₹ 99351 (22100914 Dt 30.03.2022)

പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

പൂർത്തീകരിക്കേണ്ട തിയ്യതി (കോവിഡ് കാരണം അധികമായി അനുവദിച്ച് നൽകിയ 6 മാസം ഉൾപ്പെടെ)	പൂർത്തീകരിച്ച തിയ്യതി.	ഈടാക്കേണ്ടിയിരുന്ന പിഴ
31.03.2021	26.03.2022	വൈകിയത് - 9മാസം 85 ദിവസം. ഈടാക്കേണ്ട പിഴ - 8232 [01.04.2021 To 30.06.2021 - @ 1% Of PAC – 1195 01.07.2021 To 30.09.2021-@2%PAC- 2390 01.10.2021 To 31.12.2021 – @2% PAC- 2390 01.01.2022 To 26.03.2022 – 85/90@2% PAC- 2257

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ പണം നൽകിയത് മൂലമുള്ള നഷ്ടം ₹88282 കരാറുകാരിൽ നിന്നോ പിഴ ഈടാക്കാതെ പണം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

(അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/24.12.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണവും മഴ കാരണവുമായാണ് പ്രവൃത്തി വൈകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്. കോവിഡ് കാരണമുള്ള പ്രവൃത്തി വൈകലിന് 6 മാസം അധികം സമയം അനുവദിച്ചതിനാലും ഈ പ്രവൃത്തി നടന്ന കാലയളവിൽ സാധാരണയിൽ കവിഞ്ഞ മഴ ഉണ്ടായിട്ടില്ലാത്തതിനാലും മേൽ മറുപടി അംഗീകരിക്കാനാവില്ല)

1-32 കിണർ നിർമ്മാണം -ഭൂമി വിട്ടുകിട്ടിയിട്ടില്ല.

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ടുകൾ പ്രകാരം പുതിയ കുടിവെള്ള കിണർ നിർമ്മിച്ച സ്ഥലം പഞ്ചായത്തിന് വിട്ടുകിട്ടിയതിന്റെയും ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയതിന്റെയും രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പ്രൊജക്ട്	ചെലവ്	കുറിപ്പ്
ലങ്ങോട്ട്ചോല അംഗൻവാടിക്ക് കിണർ ( ) കരാറുകാരൻ - ശ്രീ	₹ 224881 22100784/05.11.2021	ശ്രീ അലവി മുസ്ല്യാർ പൊന്നാടൻ എന്ന വ്യക്തിയുടെ സ്ഥലത്ത് കിണർ കുഴിക്കുന്നതിനാണ് മലപ്പുറം ജില്ലാ ഭൂജല ഓഫീസറുടെ സർവേ റിപ്പോർട്ടിൽ അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. (ജി.എം. 715/2020 തി. 16.06.2020) സ്ഥലം

അഷ്റഫ് സി കരാർ നം- 171/AE /LSGD/CGP/20-21 Dt 23.10.2020		വിട്ടുകിട്ടിയിരിക്കണം എന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ട്.
പാറലങ്ങോട്ട് പൊതു കിണർ (283/22) കരാറുകാരൻ - ശ്രീ അഷ്റഫ് സി കരാർ നം- 172/AE /LSGD/CGP/20-21 Dt 23.10.2020	₹200000 22100783/05.11.2021	ശ്രീമതി അലീമ്മക്കുട്ടി പാറലങ്ങോട്ട് എന്നയാളുടെ സ്ഥലത്ത് കിണർ കുഴിക്കുന്നതിനാണ് മലപ്പുറം ജില്ലാ ഭൂജല ഓഫീസറുടെ സർവേ റിപ്പോർട്ടിൽ അനുയോജ്യതാ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. (ജി.എം 715/2020 തി. 16.06.2020) സ്ഥലം വിട്ടുകിട്ടിയിരിക്കണം എന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ട്.
മാലാപറമ്പ് പൊതു കിണർ മിർമ്മാണം. (239/22) കരാറുകാരൻ - ശ്രീ മിഖ്ദാദ് AT കരാർ നം- 185/AE /LSGD/CGP/20-21 Dt 17.02.2021	375000 22100782/05.11.2021	ജില്ലാ ഭൂജല ഓഫീസറുടെ സർവേ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചത് വ്യക്തമല്ല. സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ കിണർ കുഴിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. പേര് വ്യക്തമല്ല.
	799881	

1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും 1963 ലെ ചട്ടങ്ങളും പ്രകാരം പഞ്ചായത്തുകളുടെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി വിട്ടുതരുന്ന ഭൂമി, കേരള ഭൂമി വിട്ടൊഴിയൽ ആക്റ്റ് പ്രകാരം നടപടി സ്വീകരിച്ച് ഭൂമി വെച്ചൊഴിയൽ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി ക്രമം ഇറക്കി നിയമാനുസരണം ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ വന്നതിനു ശേഷം മാത്രമെ ഇത്തരം ഭൂമിയിൽ പൊതുഫണ്ട് ഉപയോഗിച്ചുള്ള വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. എന്നും നടപടിക്രമം പാലിക്കാത്തതിലൂടെ സറണ്ടർ ചെയ്ത് ലഭിക്കുന്ന ഭൂമി സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന നിയമ തടസ്സങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ് എന്നും പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018 ലെ സി2-15471/18 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയതാണ്.

മേൽ പരാമർശിക്കപ്പെട്ട പ്രൊജക്ടുകൾ പ്രകാരം കിണർ കുഴിച്ച ഭൂമി പഞ്ചായത്തിന് വിട്ട് കിട്ടിയതിന്റെയും റവന്യൂ രേഖകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം പഞ്ചായത്തിന്റേതാക്കി മാറ്റിയതിന്റെയും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. മേൽ പരാമർശിച്ച രേഖകൾ ഹാജരാക്കുന്നത് വരെ ഈ ഇനത്തിലെ ചെലവ് ₹ 799881 തടസ്സം ചെയ്യുന്നു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/29.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല

1-33 ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി-₹ 35560 നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിരിക്കുന്നത് ഫോം വർക്ക് ചെയ്യാതെയാണ് എന്ന് 27.12.2022 ന് നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഈ പ്രവൃത്തികളിൽ കോൺക്രീറ്റ് ചെയ്യുന്നതിന് ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയ തുക മാത്രമെ കരാറുകാർക്ക് നൽകാവൂ. ഫോം വർക്ക് ചെയ്യാതെ നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് ഫോം വർക്കിന് ആവശ്യമായ നിരക്ക് കൂടി അനുവദിച്ച് നൽകിയത് മൂലമുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

ക്രമ നം	പ്രൊജക്ട്	കോൺക്രീറ്റ് അളവ് (M^3)	ചെലവിന്റെ വിവരം		
			നൽകിയ തുക	നൽകാവുന്നത്	അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക,

					ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത്, 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക)
1	കളരിപ്പറമ്പ് ഫുട്പാത്ത് അഭിവൃദ്ധിപ്പെടുത്തൽ (169/22) കരാറുകാരൻ -ശ്രീ അബ്ദുറഹ്മാൻ MK ചെലവ് -200000 (42100306/11.01.2022)	21.69	164473.32 @7582.91	158147.43 @7291.26	6582 [(6326-449) X 112% }
2	കുറ്റിക്കാട്ടിൽ തടത്തിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (170/22) കരാറുകാരൻ-ശ്രീ അബ്ദുറഹ്മാൻ K ചെലവ് - 199995 (42100530/17.03.2022)	20.155	152833.55 @7582.91	146955.35 @7291.26	5327 [(5878-1122)x112%]
3	പള്ളിപ്പടി കൊടോളി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (77/22) കരാറുകാരൻ -ശ്രീ ഷംസുദ്ദീൻ MP ചെലവ് - 398397(42100401/11.02.2022)	42.71	323866.09 @7582.91	311409.71 @7291.26	13951 [(12456)x112%]
4	കുനിത്തലക്കടവ് ഒറ്റപ്പിലാക്കൽ നീരട്ടിച്ചാലി റോഡ് കോൺക്രീറ്റ് (127/22) കരാറുകാരൻ -ശ്രീ ഷംസുദ്ദീൻ MP ചെലവ് - 279079 (/ 18.02.2022)	32.25	244594.34 @7582.91	235186.88 @7291.26	9651 [(9407-790)X 112%]

അധികം നൽകിയ തുക ₹ 35511 ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

വിശദ വിവരങ്ങൾ ഖണ്ഡിക 3-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-34 മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി - ₹ 40040അധികം തുക നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി (134/22) എന്ന പ്രവൃത്തി സ്ഥലം ഗ്രാമപ്പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ കിണറിന് ഗ്രിൽ സ്ഥാപിക്കൽ പ്രവൃത്തിയിൽ പ്രവൃത്തിക്ക് ഉപയോഗിച്ച Steel Bar അളവ് എം ബുക്കിൽ തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികത്തുക അനുവദിച്ച് നൽകിയതായി വ്യക്തമായി.

കരാറുകാരൻ -ശ്രീ എം മൂസ്സ ഹാജി

കരാർ - 102/AE/LSGD/CGP/ 21-22 Dt.07.02.2022

എം ബുക്ക് - 125/21-22

മൂല്യ നിർണ്ണയം - 90330.65 Ltd To 89285.71

ചെലവ് - 100000 (22100859/ 23.02.2022) 414120002

പ്രവൃത്തിയുടെ എം ബുക്ക് പേജ് 5 പ്രകാരം കിണറിന് ഗ്രിൽ സ്ഥാപിക്കുന്നതിന് 8mm Steel Rod 349.45 Kg അളവ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 28.12.2012 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ 112.26 Kg 10 Mm Steel Rod മാത്രമാണ് ഉപയോഗിച്ചത് എന്ന് വ്യക്തമായി.

തെറ്റായ അളവ് രേഖപ്പെടുത്തിയത്മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം അനുവദിച്ച തുക / അളവ്	അനുവദിക്കാവുന്ന തുക / അളവ്	അധികം നൽകിയത്
Item 1 10.25.2 -Steel Work Welded In Builtup Sections/ Framed Work (Grill, Staircase And Protection Work For Tank)	89285.71 (പരിമിതപ്പെടുത്തിയത്) 582.290 Kg @155.13 (232.84 + 349.45 Steel Rod Weight)	53535.36 345.10 Kg @155.13 (232.84 + 112.26 Steel Rod Weight)	35750

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം 12% GST ഉൾപ്പെടെ അധികം നൽകിയ ₹40040 (35750 X112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

വിശദ വിവരം ഖ 3-1 ആയി ചേർത്തിട്ടുണ്ട്.

1-35 ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ് - ₹17272 അധികം നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ് (254/22) പ്രവൃത്തിയുടെ അളവ് തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികം തുക നൽകി.

കരാറുകാരൻ -ശ്രീ M മൂസ്സ ഹാജി

കരാർ - 169/AE/LSGD/CGP/ 19-20 Dt.25.03.2020

എം ബുക്ക് - 1305/20-21

മൂല്യ നിർണ്ണയം - 36500.40 Ltd To 35714.29

ചെലവ് - 40000 (42100059/ 25.09.2021)

ഓഡിറ്റിന്റെ ഭാഗമായി 27.12.2022 ന് പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ പ്രവൃത്തിയിൽ യഥാർത്ഥത്തിൽ ചെയ്തതിനെക്കാൾ കൂടുതൽ പ്രവൃത്തി നടത്തിയതായി എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി അധികം തുക നൽകിയതായി വ്യക്തമായി.

തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം നൽകിയത്	സൈറ്റ് പരിശോധനയിൽ കണ്ടെത്തിയത്.	അധികം അനുവദിച്ചത്

എസ്റ്റിമേറ്റ് ഇനം 2 Item No OD-Supplying& Fixing 40 Mm Dia HD Pipe For Pumping Main	17858.40 140 M @ 127.50	5100 40 M @ 127.50	12758.40
എസ്റ്റിമേറ്റ് ഇനം 3 Item No OD-Supplying& Fixing Best Quality 2 Core Aluminium Wire	4704 150 M @ 31.36	1254.4 40 M @ 31.36	3449.6
		Total	16208

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം അധികം നൽകിയ ₹17272 ((16208-786) X112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
വിശദ വിവരം ഖ 3-3 ആയി ചേർത്തിട്ടുണ്ട്.

1-36 താലോളിപുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ - ₹ 30638 അധികം തുക നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താലോളിപുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ (336/22) പ്രവൃത്തിയിൽ തെറ്റായ അളവ് രേഖപ്പെടുത്തിയത് വഴി കരാറുകാരന് അധികം തുക നൽകിയതായി വ്യക്തമായി.

കരാറുകാരൻ -ശ്രീ അബ്ദു സലീം കെ

കരാർ - 129/AE/LSGD/CGP/ 19-20 Dt.19.02.2022

എം ബുക്ക് - 624/21-22

മൂല്യ നിർണ്ണയം - 266970.35

ചെലവ് - 299007 (42100617/29.03.2022)

ആകെ 9.6 മീറ്റർ ഉയരത്തിൽ സ്ഥാപിച്ച റിംഗിന് ചുറ്റും നിറക്കുന്ന Stone Aggregate 16 മീറ്റർ ഉയരത്തിൽ ഫിൽ ചെയ്തു എന്ന് തെറ്റായ അളവ് രേഖപ്പെടുത്തിയത്മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം Filling അനുവദിച്ച തുക / അളവ്	അനുവദിക്കാവുന്ന Filling തുക / അളവ്	അധികം നൽകിയത്
Item 4 -Supplying And Filling Stone Aggregate 06mm Size For Rear Side Of Well Ring	68386.47 29.642 M^3@2307.08/ M^3 (2x3.14x1.475x0.2 X16) 16 M Height	41031.42 17.785m^3@2307.08/ M^3 (2x3.14x1.475x0.2 X9.6) 9.6=പ്രവൃത്തിയിൽ ചെയ്ത കോൺക്രീറ്റ് റിംഗ് പ്രവൃത്തിയുടെ ഉയരം	27355

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം 12% GST ഉൾപ്പെടെ അധികം നൽകിയ ₹30638 (27355x112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
വിശദ വിവരം ഖ 3-2 ആയി ചേർത്തിട്ടുണ്ട്.

1-37 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 199 പ്രൊജക്ടുകളാണ്

തയ്യാറാക്കിയത്. ഇതിൽ 153 പ്രൊജക്ടുകളിലായി ആകെ 30721355 രൂപയാണ് ചെലവഴിച്ചത്.

ആകെ പദ്ധതി	199	ആകെ അടങ്കൽ	45186457
നടപ്പിലാക്കിയത്	153	ചെലവ്	30721355
ശതമാനം	77	ചെലവ് ശതമാനം	68

II-റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽപഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു.

1) ടെണ്ടർ രജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്ട് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ചു നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

VI)പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/28.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-38 തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204 , 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്തുകയോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉദ്യോഗ്യം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

2021-22 സാമ്പത്തിക വർഷത്തെ ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും,സംരഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വ്യാപാര ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	ലൈസൻസ് നമ്പർ	സമർപ്പിക്കപ്പെട്ട അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം	നികുതി ഈടാക്കാത്ത അർദ്ധ വർഷം
1	നൂർ ട്രേഡിംഗ്,പള്ളിപ്പടി	21	4	1,2
2	വൈഗ ഫർണ്ണിച്ചർ,പറപ്പൂർ	28	6	1,2
3	ജി -കിൻ എന്റർപ്രൈസസ്	50	5	1,2
4	എ1 സ്റ്റീൽ -എടവണ്ണപ്പാറ	86	4	1,2
5	TAQUAZOL LLP,പൊന്നാട്	102	4	1,2
6	ബിസ്മി ഫർണ്ണിച്ചർ,പൊന്നാട്	124	4	1,2
7	ഔട്ലുക്ക് ഹോളോബ്രിക്ക്&സിമന്റ് പ്രോഡക്ട്,പൊന്നാട്	170	6	1,2
8	മമത ബേക്കറി,എടവണ്ണപ്പാറ	78,80	4	1,2
9	മമത റസ്റ്റോറന്റ്,എടവണ്ണപ്പാറ	79	ലഭ്യമല്ല	1,2

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10-1/26-12-2022)മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-39 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം നേടിയില്ല.

സംസ്ഥാനത്ത് ഏറ്റവും പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ സി.ഡി.എസ് തയ്യാറാക്കിയ പദ്ധതി 10.3.2019 ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചതോടെ പദ്ധതി പ്രവർത്തനം ആരംഭിച്ചതാണ്. മൂന്ന് വർഷങ്ങൾ കൊണ്ട് നടപ്പാക്കേണ്ട പദ്ധതി കാലയളവ് 2022 ഏപ്രിൽ മാസത്തോടെ അവസാനിച്ചിരിക്കുകയാണ്.

പദ്ധതി നടത്തിപ്പ് പരിശോധിച്ചതിൽ പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നിശ്ചിത കാലയളവിനകം നേടുന്നതിൽ വിജയം കൈവരിക്കാനായില്ല എന്നാണ് ഓഡിറ്റിന് വ്യക്തമായത്.

പദ്ധതിയുടെ വിശദ വിവരങ്ങൾ

ഗുണഭോക്താക്കൾ - 247

ആകെ അടങ്കൽ - 12058418

പദ്ധതിയുടെ സാമ്പത്തിക വിശകലനം

ഫണ്ട്	I Year	II Year	III Year	Total
ചലഞ്ച് ഫണ്ട്	1132806	1132806	1132806	3398418
പ്ലാൻ ഫണ്ട്	3090000	3090000	2640000	8660000
ആകെ				12058418

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

ഭക്ഷണം	2894268

ചികിത്സ	216150
ഭവന നിർമ്മാണം	7200000
വിദ്യാഭ്യാസം	288000
ഭവന പുനരുദ്ധാരണം	900000
വെള്ളം	560000
ആകെ	12058418

ചെലവ്

2019-20 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിയുടെ 2021-22 വരെയുള്ള വരവ് ചെലവ് വിവരങ്ങൾ താഴെ നൽകുന്നു.

ഇനം	വരവ്	ചെലവ്
ചലഞ്ച് ഫണ്ട്	3267789	2298089
പ്ലാൻ ഫണ്ട് (DFK അക്കൗണ്ടിലേക്ക് നൽകിയത്)	300000	200000

ചെലവിന്റെ ഇനം തിരിച്ച വിവരം

ഭക്ഷണം	2115183
സ്ഥലം	0
വീട്	0
വീട് റിപ്പയർ	200000
വിദ്യാഭ്യാസം	170455
മറ്റുള്ളവ	3000

ചികിത്സ, ഭവനനിർമ്മാണം, ഭൂമി എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ പണമൊന്നും ചെലവഴിച്ചിട്ടില്ല എന്നാണ് ലഭ്യമാക്കിയ പത്രികയിൽ നിന്ന് വ്യക്തമാകുന്നത്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

(1)അംഗീകരിക്കപ്പെട്ട രീതിയിൽ പ്രൊജക്ട് നടപ്പാക്കുന്നില്ല

ഭക്ഷണം, വിദ്യാഭ്യാസം, ചികിത്സ, ഭവന നിർമ്മാണം, പുനരുദ്ധാരണം, ഭൂമി തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പ്രൊജക്ടിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിക്കകം പ്രൊജക്ട് പൂർണ്ണാർത്ഥത്തിൽ നടപ്പാക്കുന്നതിൽ വിജയം കൈവരിക്കാനായിട്ടില്ല.

ഭക്ഷണ കിറ്റ് വിതരണം ,വീട് റിപ്പയർ ഒഴികെയുള്ള മറ്റ് സേവനങ്ങൾ നൽകുന്നതിൽ പുരോഗതി കൈവരിക്കാനായിട്ടില്ല.

പ്രൊജക്ട് നടപ്പാക്കിയതിലെ പ്രസക്ത വിവരങ്ങൾ താഴെ നൽകുന്നു.

ഇനം	പ്രൊജക്ട് പ്രകാരം അംഗീകരിക്കപ്പെട്ട കുടുംബങ്ങൾ	വകയിരുത്തിയ തുക	ആനുകൂല്യം നൽകിയവർ
ഭക്ഷണം	247	2894268	246
സ്ഥലം വാങ്ങൽ	0	0	0

വീട് നിർമ്മാണം	18	7200000	0
വീട് റിപ്പയർ	18	900000	0

പദ്ധതിക്ക് പഞ്ചായത്തിൽ നിന്ന് അനുവദിച്ച 300000 രൂപയിൽ നാളിതുവരെ ചെലവഴിച്ച 200000 രൂപ മുഴുവനായും ചെലവഴിച്ചത് വീട് റിപ്പയർ നടത്തുന്നതിനാണ്.

പഞ്ചായത്തിലെ ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം, പരിചരണം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ എത്തിച്ച് നൽകുന്നതിലും അനുവദിച്ച ഫണ്ട് യഥാസമയം വിനിയോഗിക്കുന്നതിലും പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

(2)പദ്ധതി നടത്തിപ്പിൽ അഗതി രഹിത കേരളം മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അംഗീകരിക്കപ്പെട്ട പദ്ധതിയുടെ നടത്തിപ്പിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് മുഖ്യ പങ്കാളിത്തം നിർദ്ദേശിക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നൽകേണ്ടത് അയൽക്കൂട്ടങ്ങൾ മുഖേനയാണ് എന്നും ഓരോ കുടുംബങ്ങളെയും സന്ദർശിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്നത് ഉറപ്പുവരുത്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. ആയത് പാലിച്ചിട്ടില്ല.

പദ്ധതിയുടെ ഭാഗമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള നോഡൽ ഓഫീസറെ നിയമിച്ചിട്ടുമില്ല. അതിനാൽത്തന്നെ ആരോഗ്യ രംഗത്ത് നടപ്പിലാക്കാൻ നിർദ്ദേശിച്ച പ്രവർത്തനങ്ങളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെയും പദ്ധതിയുടെ കാലയളവ് അവസാനിച്ചിരിക്കയാണ്. പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച് സർക്കാർ തീരുമാനത്തിനനുസരിച്ച് ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി - ₹ 40040അധികം നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ മുട്ടിക്കലൊടി എസ്.സി കുടിവെള്ളപദ്ധതി (134/22) എന്ന പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികത്തുക നൽകി.

കരാറുകാരൻ -ശ്രീ എം മൂസ്സ ഹാജി

കരാർ - 102/AE/LSGD/CGP/ 21-22 Dt.07.02.2022

എം ബുക്ക് - 125/21-22

മൂല്യ നിർണ്ണയം - 90330.65 Ltd To 89285.71

ചെലവ് - 100000 (22100859/ 23.02.2022)

പ്രൊജക്റ്റ് പ്രകാരം കിണറിന് മുകളിൽ ഗ്രിൽ വർക്ക്, വാട്ടർ ടാങ്ക് സ്റ്റെയർകേസ് തുടങ്ങിയ പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തത്. പ്രവൃത്തി സ്ഥലം ഗ്രാമപ്പഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 28.12.2022 ന് നേരിട്ട് പരിശോധിച്ചതിൽ കിണറിന് ഗ്രിൽ സ്ഥാപിക്കൽ പ്രവൃത്തിയിൽ പ്രവൃത്തിക്ക് ഉപയോഗിച്ച Steel Bar അളവ് എം ബുക്കിൽ തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികത്തുക അനുവദിച്ച് നൽകിയതായി വ്യക്തമായി.

പ്രവൃത്തിയുടെ എംബുക്ക് പേജ് 5 പ്രകാരം കിണറിന് ഗ്രിൽ സ്ഥാപിക്കുന്നതിന് 884.7 മീറ്റർ 8mm Steel Rod (6x18x(5+6.25)/2+ 2x66x(2.3+1.90)/2 ഉപയോഗിച്ച എന്ന് രേഖപ്പെടുത്തി അതിന് 349.45 Kg അളവ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 28.12.2012 ന് പ്രവൃത്തി സ്ഥലം നേരിൽ പരിശോധിച്ചതിൽ കിണറിന് ഗ്രിൽ സ്ഥാപിക്കുന്നതിന് 181.95 മീറ്റർ 10 Mm Steel Rod (17x(5.30+3.10)/2 + 67x(1.90+1.40)/2 മാത്രമാണ്
ഉപയോഗിച്ചത് എന്ന് വ്യക്തമായി. ഇതിന് അനുവദിക്കാവുന്നത് 112.26 Kg മാത്രമാണ്. (181.95x0.617).

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം അനുവദിച്ച തുക / അളവ്	അനുവദിക്കാവുന്ന തുക / അളവ്	അധികം നൽകിയത്
Item 1 10.25.2 -Steel Work Welded In Builtup Sections/ Framed Work	89285.71 (പരിമിതപ്പെടുത്തിയത്) 582.290 Kg @155.13 (232.84 + 349.45 Steel Rod Weight)	53535.36 345.10 Kg @155.13 (232.84 + 112.26 Steel Rod Weight)	35750

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം 12% GST ഉൾപ്പെടെ അധികം നൽകിയ ₹40040 (35750 X112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/28.12.2022) മറുപടി ലഭ്യമാക്കിയില്ല

3-2 താലോളിപ്പുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ - ₹ 30638അധികം തുക നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താലോളിപ്പുറായ് പൊതു കിണർ റിംഗ് സ്ഥാപിക്കൽ (336/22) എന്ന പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികത്തുക നൽകിയതായി വ്യക്തമായി.

കരാറുകാരൻ -ശ്രീ അബ്ദു സലീം കെ

കരാർ - 129/AE/LSGD/CGP/ 19-20 Dt.19.02.2022

എം ബുക്ക് - 624/21-22

മൂല്യ നിർണ്ണയം - 266970.35

ചെലവ് - 299007 (വൗച്ചർ നമ്പർ. 42100617/29.03.2022)

പഞ്ചായത്തിലെ 14 വാർഡിൽ താലോളിപ്പുറായ് കോളനിയിലെ കിണർ കഴിഞ്ഞ കാലത്തെ ശക്തമായ മഴയിൽ ഇടിഞ്ഞതിനെത്തുടർന്ന് കഴിഞ്ഞ വർഷം റിംഗ് ഇറക്കി സംരക്ഷിച്ചതിന്റെ ബാക്കി പ്രവൃത്തി നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എസ്റ്റിമേറ്റ് പ്രകാരം കിണറിന് കോൺക്രീറ്റ് റിംഗ് സ്ഥാപിക്കുന്നതിനും(ഇനം 1,2,3) റിംഗിന് പുറംഭാഗത്ത് കിണറിൽ 6mm Stone Aggregate Fill ചെയ്യുന്നതിനുമാണ്
(ഇനം 4) എസ്റ്റിമേറ്റ് തയ്യാക്കിയത്.

പ്രവൃത്തി നടപ്പാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ആകെ 9.6 M (24x0.4) ഉയരത്തിലാണ് കോൺക്രീറ്റ് റിംഗ് സ്ഥാപിച്ചത് എന്ന് വ്യക്തമായി (Item 1) . എന്നാൽ എസ്റ്റിമേറ്റ് ഇനം 4 പ്രകാരമുള്ള സ്റ്റോൺ അഗ്രിഗേറ്റ് ഫിൽ ചെയ്യുന്ന പ്രവൃത്തി 16 M ഉയരത്തിൽ ചെയ്തതായി രേഖപ്പെടുത്തി പണം നൽകിയിട്ടുണ്ട്.

ആകെ 9.6 മീറ്റർ ഉയരത്തിൽ സ്ഥാപിച്ച റിംഗിന് ചുറ്റും നിറക്കുന്ന Stone Aggregate കോൺക്രീറ്റ് റിംഗിന്റെ അളവിൽ കൂടുതൽ ഉയരത്തിൽ നിറച്ചു എന്നത് അംഗീകരിക്കാനാവില്ല.

തെറ്റായ അളവ് രേഖപ്പെടുത്തിയത്മൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം Filling അനുവദിച്ച തുക / അളവ്	അനുവദിക്കാവുന്ന Filling തുക / അളവ്	അധികം നൽകിയത്

Item 4 -Supplying And Filling Stone Aggregate 06mm Size For Rear Side Of Well Ring	68386.47 29.642 M^3@2307.08/ M^3 (2x3.14x1.475x0.2 X16) 16 M Height	41031.42 17.785m^3@2307.08/ M^3 (2x3.14x1.475x0.2 X9.6) 9.6=പ്രവൃത്തിയിൽ ചെയ്ത കോൺക്രീറ്റ് റിംഗ് പ്രവൃത്തിയുടെ ഉയരം	27355

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം 12% GST ഉൾപ്പെടെ അധികം നൽകിയ ₹30638 (27355x112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/28.12.2022) മറുപടി ലഭ്യമാക്കിയില്ല.

3-3 ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ്- ₹17272 അധികം നൽകി.

2021-22 അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ ലാങ്ങോട്ട് ചോല അംഗൻവാടി പമ്പ് സെറ്റ്(254/22) എന്ന പ്രവൃത്തിയിൽ അളവ് തെറ്റായി രേഖപ്പെടുത്തി കരാറുകാരന് അധികത്തുക നൽകിയതായി വ്യക്തമായി

കരാറുകാരൻ -ശ്രീ M മൂസ്സ ഹാജി

കരാർ - 169/AE/LSGD/CGP/ 19-20 Dt.25.03.2020

എം ബുക്ക് - 1305/20-21

മൂല്യ നിർണ്ണയം - 36500.40 Ltd To 35714.29

ചെലവ് - 40000 (42100059/ 25.09.2021)

ഓഡിറ്റിന്റെ ഭാഗമായി 27.12.2022 ന് പ്രവൃത്തി സ്ഥലം നേരിൽ സന്ദർശിച്ചതിൽ എസ്റ്റിമേറ്റ് ഇനം 2,3 എന്നിവപ്രകാരമുള്ള പ്രവൃത്തികൾ യഥാർത്ഥത്തിൽ ചെയ്തതിനെക്കാൾ കൂടുതൽ അളവ് ചെയ്തതായി എം ബുക്കിൽ തെറ്റായ രേഖപ്പെടുത്തൽ വരുത്തി കരാറുകാരന് അധികം തുക നൽകിയതായി വ്യക്തമായി.

തെറ്റായ അളവ് രേഖപ്പെടുത്തി പണം നൽകിയതുമൂലമുള്ള അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

പ്രവൃത്തി ഇനം	എം ബുക്ക് പ്രകാരം നൽകിയത്	സൈറ്റ് പരിശോധനയിൽ കണ്ടെത്തിയത്.	അധികം അനുവദിച്ചത്
എസ്റ്റിമേറ്റ് ഇനം 2 Item No OD-Supplying& Fixing 40 Mm Dia HD Pipe For Pumping Main	17858.40 140 M @ 127.50	5100 40 M @ 127.50	12758.40
എസ്റ്റിമേറ്റ് ഇനം 3 Item No OD-Supplying& Fixing Best Quality 2 Core Aluminium Wire	4704 150 M @ 31.36	1254.4 40 M @ 31.36	3449.6
		Total	16208

തെറ്റായ അളവ് രേഖപ്പെടുത്തിയത് മൂലം അധികം നൽകിയ ₹17272 ((16208-786) X112/100) തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/28.12.2022) മറുപടി ലഭ്യമാക്കിയില്ല

3-4 ഫോം വർക്ക് നടത്താതെ ഫോം വർക്കിനുള്ള പണം നൽകി ₹ 35560 നഷ്ടം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിന് ഫോം വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് കൂടി ഉൾപ്പെടുന്നുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തിയിരിക്കുന്നത് ഫോം വർക്ക് ചെയ്യാതെയാണ് എന്ന് 27.12.2022 ന് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ആയതിനാൽ ഈ പ്രവൃത്തികളിൽ കോൺക്രീറ്റ്

ചെയ്യുന്നതിന് ഫോം വർക്കിനുള്ള നിരക്ക് ഒഴിവാക്കിയ തുക മാത്രമെ കരാറുകാർക്ക് നൽകാവൂ.

GST പ്രൊവിഷൻ വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് നൽകിയതും നൽകാവുന്നതുമായ നിരക്ക് താഴെ നൽകുന്നു

	ഫോം വർക്കിനുള്ള തുക ഉൾപ്പെടെ)	ഫോം വർക്ക് ഒഴിവാക്കി നൽകാവുന്ന നിരക്ക്
2016 SOR പ്രകാരം 31.06% Cost Index	$7582.91/m^3$	$7291.26\ /M^3$

ഫോം വർക്ക് ചെയ്യാതെ നടത്തിയ കോൺക്രീറ്റ് പ്രവൃത്തിക്ക് ഫോം വർക്കിന് ആവശ്യമായ നിരക്ക് കൂടി അനുവദിച്ച് നൽകിയത് മൂലമുണ്ടായ അധികച്ചെലവിന്റെ വിവരം താഴെ നൽകുന്നു.

ക്രമ നം	പ്രൊജക്ട്	കോൺക്രീറ്റ് അളവ് (M^3)	ചെലവിന്റെ വിവരം		
			നൽകിയ തുക	നൽകാവുന്നത്	അധികം (Final Bill തയ്യാറാക്കുമ്പോൾ പരിമിതപ്പെടുത്തിയ തുക, ടെണ്ടർ കുറവ് എന്നിവ കുറവ് ചെയ്ത്, 12% GST നൽകിയത് ഉൾപ്പെടുത്തുകയും ചെയ്ത് തുക)
1	കളരിപ്പറമ്പ് ഫുട്പാത്ത് അഭിവൃദ്ധിപ്പെടുത്തൽ (169/22) കരാറുകാരൻ -ശ്രീ അബ്ദുറഹ്മാൻ MK കരാർ - 23/AE/LSGD/CGP/ 21-22 Dt.10.08.2021 എം ബുക്ക് - 1466/20-21 മൂല്യ നിർണ്ണയം - 179020 Ltd To 178571.43 ചെലവ് - 200000 (42100306/11.01.2022)	21.69	164473.32 @7582.91	158147.43 @7291.26	6582 [(6326-449) X 112% }
2	കുറ്റിക്കാട്ടിൽ തടത്തിൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (170/22) കരാറുകാരൻ -ശ്രീ അബ്ദുറഹ്മാൻ K കരാർ - 26/AE/LSGD/CGP/ 21-22 Dt.16.08.2021 എം ബുക്ക് - 121/21-22 മൂല്യ നിർണ്ണയം - 179689.28 Ltd To 178566.84 ചെലവ് - 199995 (42100530/17.03.2022)	20.155	152833.55 @7582.91	146955.35 @7291.26	5327 [(5878-1122)x112%]

3	പള്ളിപ്പടി കൊടോളി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (77/22) കരാറുകാരൻ -ശ്രീ ഷംസുദ്ദീൻ MP കരാർ - 57/AE/LSGD/CGP/ 21-22 Dt.20.10.2021 എം ബുക്ക് - 120/21-22 മൂല്യ നിർണ്ണയം - 355711.59 ചെലവ് - 398397 (/ 42100401/11.02.2022)	42.71	323866.09 @7582.91	311409.71 @7291.26	13951 [(12456)x112%]
4	കുനിത്തലക്കടവ് ഒറ്റപ്പിലാക്കൽ നീരട്ടിച്ചാലി റോഡ് കോൺക്രീറ്റ് (127/22) കരാറുകാരൻ -ശ്രീ ഷംസുദ്ദീൻ MP കരാർ - 57/AE/LSGD/CGP/ 21-22 Dt.20.10.2021 എം ബുക്ക് - 108/21-22 മൂല്യ നിർണ്ണയം - 268647.01 Ltd To 267857.14 ചെലവ് - 279079 (/ 18.02.2022)	32.256	244594.34 @7582.91	235186.88 @7291.26	9651 [(9407-790)X112%]

അധികം നൽകിയ തുക ₹ 35511 ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/28.12.2022) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർക്ക് അധികത്തുക നൽകിയതിന് വ്യക്തമായ കാരണം ലഭ്യമാക്കിയിട്ടില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2021-22	26.12.2022	ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതിയുടെ പേരും നമ്പറും	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	25500	പച്ചക്കറി കൂലിചെലവ്(പ്രോജക്ട്	25500	0

		നം67/22)		
	33975	നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(പ്രോജക്റ്റ് നം67/22)	33975	0
	289800	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് 119/22)	49100	240700
	1000000	ലൈഫ് ഭവന പദ്ധതി -പട്ടിക ജാതി (പ്രോജക്റ്റ് 90/22	1000000	0
ജില്ലാ പഞ്ചായത്ത്	1050000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്റ്റ് 119/22)	1050000	0
	1760000	ലൈഫ് ഭവന പദ്ധതി -പട്ടിക ജാതി (പ്രോജക്റ്റ് 90/22	1760000	0

ർ

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ/ ബിൽ/ചെക്ക് നമ്പർ	മുൻകൂർ നല്കിയ തുക	ചെല വഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴി ക്കാൻ ബാക്കിയുള്ള തുക
KSEB	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (303/22)	22100604/17-3-22	74000	0	പൂർത്തീകരിച്ച വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.	74000
	ഇലക്ട്രിക് പോസ്റ്റ് മാറ്റൽ (354/22)	22100604/17-3-22	22799	0	പൂർത്തീകരിച്ച വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.	22799

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

വായ്പയുടെ ഉദ്ദേശ്യം	ഉത്തരവ് നം./തീയ്യതി	വായ്പ തുക (തൻവർഷം)	തിരിച്ചടയ്ക്കാനുള്ള മുൻബാക്കി	തൻവർഷം അടച്ചത് (മുതൽ /പലിശ)	വർഷാവസാന ബാക്കി

ലൈഫ് മിഷൻ ഭവനപദ്ധതി	1)3367/21 തി. 7/4/21 2)5206/21 തി. 30/7/21. 3)22/22 തിയതി 01.01.22	0	1877674	630667	1247007

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	0
തൻ വർഷം നിക്ഷേപിച്ച തുക	3000000
ആകെ	3000000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	3000000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രസീതി നമ്പർ/തീയതി
കേരള ഗ്രാമീൺ ബാങ്ക്, ഓമാനൂർ	3000000	40153202200008/5-3-22

4-7 ഓഡിറ്റ് റിക്കവറി.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി
2020-21	ഓഡിറ്റ് എൻക്വയറി 2020-21	3105	മൂസഹാജി,കോൺട്രാക്ടർ	1210103533/07-12-21
2020-21	ഓഡിറ്റ് എൻക്വയറി 2020-21	190715	സിദ്ധീഖ് എം	1210103538/8-12-21
2020-21	ഓഡിറ്റ് എൻക്വയറി 2020-21	12322	ശിഹാബുദ്ധീൻ എം പി	1210103541/8-12-2021
2020-21	ഓഡിറ്റ് എൻക്വയറി 2020-21	19088	ശംസുദ്ധീൻ എം പി	121103542/8-12-2021
2015-16	2-1	192	പുന്നമണ്ണിൽ മുഹമ്മദ് ബഷീർ&റജീന	1210103731/20-12-21
2015-16	2-1	573	വാസുദേവൻ നമ്പൂതിരി,പാലക്കൽ	1210103732/20-12-21
2015-16	2-1	125	മുഹമ്മദ് ഷാഫി എം പി മടപ്പള്ളികുന്നത്ത്	1210103733/20-12-21

2015-16	2-1	340	സയ്യിദ് ഹമീദ് സി	1210103734/20-12-21
2015-16	2-1	324	അബ്ദുറഹിമാൻ തോട്ടങ്ങോട്ട്	1210103735/20-12-2021
2016-17	2-1	481	അബൂബക്കർ കെ പി	1210103736/20-12-21
2016-17	2-1	951	മുഹമ്മദ് അസ്ലം	1210103737/20-12-2021

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2000-01	3-9, 3-10	2007-08		ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല	നടപടിതുടരുന്നു
2006-07	2-1	2009-10		-	നടപടി തുടരുന്നു
2012-13	-	-	-	ലഘു അവലോകനം -ഫ്രണ്ട് ഓഫീസ് പ്രവർത്തനം	നടപടി തുടരുന്നു
2011-12-12-13	3-14	2013-14		ലഘു അവലോകനം	നടപടി തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	122,862,731
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	124,080,360
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	1,23,461
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	18,43,863

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	

3-1		40040	₹ 20020 – ശ്രീ.മുബാറക്.സി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ ₹ 20020 – ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ
3-2		30638	₹ 15319 – ശ്രീ.മുബാറക്.സി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ ₹ 15319 – ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ
3-3		17272	₹ 8636 – ശ്രീ.മുബാറക്.സി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ ₹ 8636 – ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ
3-4		35511	ശ്രീ.മുബാറക്.സി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ
ആകെ		1,23,461	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	96,799	ശ്രീ. സുധീർ. കെ. സെക്രട്ടറി
1-23	9,47,183	ശ്രീ. സുധീർ. കെ. സെക്രട്ടറി
1-33	7,99,881	ശ്രീ മുബാറക് , അസിസ്റ്റന്റ് എഞ്ചിനിയർ
ആകെ	18,43,863	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.മുബാറക്.സി.കെ, അസിസ്റ്റന്റ് എഞ്ചിനിയർ	അസിസ്റ്റന്റ് എഞ്ചിനിയർ, ചീക്കോട് ഗ്രാമപഞ്ചായത്ത്	സി.കെ ഹൗസ്, മോങ്ങം പി.ഒ, മലപ്പുറം
ശ്രീ.ശരീഫ് ഉമ്മിണിയിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനിയർ	അസി.എക്സി.എഞ്ചിനിയർ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്.	ഉമ്മിണിയിൽ വീട്, കുറ്റൂളി, വാലില്ലാപുഴ (പി.ഒ), മലപ്പുറം-673639

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1981-82	എൽ.എഫ്.എം.9/836/85 തി:08.10.1995	31	
1983-84	എൽ.എഫ്.എം.9/1073/88 തി:26.10.1998	61	
1984-85	എൽ.എഫ്.എം.9/699/90 തി:14.12.1990	21	
1985-86	എൽ.എഫ്.എം.9/713/92 തി:06.11.1992	19	
1986-87, 1987-88	എൽ.എഫ്.എം.9/23/94 തി:07.01.1995	34	
1988-89, 1990-91	എൽ.എഫ്.എം.9/949/95 തി:03.04.1996	21	
1991-92	എൽ.എഫ്.എം.9/586/93 തി:18.09.1993	30	
1992-93, 1993-94	എൽ.എഫ്.എം.13/1426/01 തി:04.02.2002	5	
1997-98	എൽ.എഫ്.എം.13/1580/99 തി:18.08.2000	4	
1998-99	എൽ.എഫ്.എം.15/15/00 തി:03.05.2001	9	
1999-00	എൽ.എഫ്.എം.15/68/06 തി:12.12.2006	12	
2000-01	എൽ.എഫ്.എം.15/1140/08 തി:18.12.2008	9	
2001-02	എൽ.എഫ്.എം.15/287/08 തി:22.03.2008	11	
2002-03	എൽ.എഫ്.എം.15/289/08 തി:22.03.2008	7	
2003-04	എൽ.എഫ്.എം.15/289/08 തി:22.03.2008	7	
2004-05	എൽ.എഫ്.എം.16/1637/09 തി:08.02.2011	4	
2005-06	എൽ.എഫ്.എം.15/576/09 തി:14.07.2009	4	
2006-07	എൽ.എഫ്.എം.15/577/09 തി:03.02.2010	7	
2007-08, To 2010-11	എൽ.എഫ്.എം.7/1882/12 തി:23.08.2012	6	
2011-12, 2012-13	എൽ.എഫ്.എം.7/3187/14 തി:12.01.2015	8	

2013-14 – 2014-15	കെ.എസ്.എ.എം.പി.എം7/1841 /2016തി.25.07.2016	14	
2015-16	കെ.എസ്.എ.എം.പി.എം7/3263/2016 തി.27.01.2017	14	
2016-17	കെ.എസ്.എ.എം.പി.എം7/2217/2017 തി.13.11.2017	13	
2017-18	കെ.എസ്.എ.എം.പി.എം7/2217/2017 തി.13.11.2017	15	
2018-19	കെ.എസ്.എ.എം.പി.എം7/658/2020 തി.30.10.2020	16	
2019-20	കെ.എസ്.എ.എം.പി.എം7/2108 /21/8-2-22		
2020-21	കെ.എസ്.എ.എം.പി.എം7/2109 /21/8-2-22		

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചീക്കോട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്